VYAVASAYA KERALAM March 2018

# വ്യവസായ കേരളം

Volume 50 Issue 10



## പുരസ്കാര തിളക്കവുമായി...

ബെൻ ഗ്രൂപ്പ്, കൊളത്തറ ഹരിജൻ ഹോളോബ്രിക്സ് സൊസൈറ്റി

ക്യു. ആർ കോഡ്
ബിസിനസ് ലോകത്തിൽ

ആട് 2 വരുന്നു

The Top & Leading manufacturers of high quality Fish Meal, the poultry and aqua culture species feed, containing 60 to 72% protein and Fish Oil, a bye product, valued for health and nutritional benefits to humans and animals.

COLLAGEN
MARINE PRODUCTS

Kakkadampoyil, Kozhikode, Kerala

Web : www.collagenmarineproducts.com, E mail : collagenmp@gmail.com

Vyavasaya Keralam
# വ്യവസായകേരളം
www.keralaindustry.org

മാർച്ച് 2018 പുസ്തകം 50 ലക്കം 10
March 2018 Volume 50 Issue 10

കവർസ്റ്റോറി



22
**'ബെൻ ഗ്രൂപ്പ്' പെൺകരുത്തിന്റെ കൈയ്യൊപ്പ്**
അജിത് കട്ടയ്ക്കാൽ

28
**പുരസ്കാര തിളക്കവുമായി കൊളത്തറ ഹരിജൻ ഹോളോബ്രിക്സ് സൊസൈറ്റി**

06
**ക്യു. ആർ കോഡ് ബിസിനസ് ലോകത്തിൽ**
ലോറൻസ് മാത്യു

16
**എം. എസ്. എം. ഇ, സംരംഭ ഘടനയ്ക്ക് സമൂല പരിവർത്തനം**
ടി. എസ്. ചന്ദ്രൻ

18
**പീനട്ട് ബട്ടർ നിർമാണം**
ബൈജു നെടുങ്കേരി



32
**ആട് 2 വരുന്നു**
ഡോ. ഷൈൻകുമാർ

38
**കണ്ണൂരിൽ മുളയുൽപന്ന വ്യവസായ ക്ലസ്റ്റർ ആരംഭിക്കും**

# വ്യവസായിക വളർച്ച പരിസ്ഥിതി സൗഹാർദ്ദത്തിലൂടെയാകട്ടെ

വികസനവുമായി ബന്ധപ്പെടുത്തിയാണ് പലപ്പോഴും പരിസ്ഥിതി ചർച്ചയാവുന്നത്. പരിസ്ഥിതി സംരക്ഷണവും നാടിന്റെ വികസനവും ഒരുമിച്ചു കൊണ്ടുപോകണമെന്നാണ് സർക്കാർ നയം. വ്യവസായിക വിപ്ലവം മനുഷ്യ സമൂഹത്തിന്റെ ജീവിത രീതിയിൽ വലിയ മാറ്റമുണ്ടാക്കി. വ്യാപാര വ്യവസായിക തലത്തിൽ വന്ന മാറ്റങ്ങൾ പരിസ്ഥിതിയെ ബാധിച്ചു. മരണത്തെ അഭിമുഖീകരിക്കുന്ന പുഴകളും മലിനമായ ജലാശയങ്ങളും നമ്മുടെ നാട്ടിലെ സാധാരണ കാഴ്ചകളാണ്.

നമുക്ക് നമ്മുടേതായ വികസന മാതൃകകളുണ്ട്. അതിനെ കാലാനുസൃതമായി പരിഷ്കരിച്ച് പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ശ്രമിക്കേണ്ടത്. ഓരോ സ്ഥലത്തേയും വിഭവശേഷി കണ്ടെത്തി അവയെ പരിപോഷിപ്പിക്കണം. അങ്ങനെ നമുക്ക് സമഗ്ര വികസനം എന്ന സങ്കൽപത്തിന് അടിസ്ഥാനമൊരുക്കാനാവും. പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്ത് ഭാവിതലമുറയ്ക്ക് നീക്കിവക്കാത്ത അവസ്ഥയിലാണ് സുസ്ഥിര വികസനം എന്ന സങ്കല്പം ഉരുത്തിരിഞ്ഞു വന്നത്. ഭാവിയെക്കുറിച്ച് കരുതലുള്ള സങ്കല്പമാണത്.



**കെ. ബിജു,** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

വർദ്ധിച്ചു വരുന്ന മാലിന്യങ്ങളും അതു മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളും നമ്മുടെ വ്യവസായിക വളർച്ചയ്ക്ക് വിഘാതമായി നിൽക്കുകയാണ്. മലിനീകരണം കുറവുള്ള പരിസ്ഥിതി സൗഹൃദപരമായ വ്യവസായങ്ങൾ നമ്മൾ കണ്ടെത്തണം. സർക്കാരിന്റെ തന്നെ വ്യവസായികാവശ്യത്തിനുള്ള ഭൂമിയിൽ പുതിയ സംരംഭം തുടങ്ങുമ്പോൾ പുനരുപയോഗം ചെയ്യാൻ കഴിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യവസായികൾക്ക് മുൻഗണന നൽകി സ്ഥലം അനുവദിക്കാറുള്ളത് അറിയാമല്ലോ.

മണ്ണിനേയും ജലാശയത്തെയും അന്തരീക്ഷത്തെയും വ്യവസായശാലകൾ മലിനമാക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുണ്ട്. മാലിന്യ സംസ്കരണം, വിഭവശോഷണം ജലത്തിന്റെ അശാസ്ത്രീയ ഉപഭോഗം തുടങ്ങിയ വിഷയങ്ങൾ സൂക്ഷ്മമായി പഠിച്ച് ആവശ്യമെങ്കിൽ നിയമ നിർമാണത്തിലൂടെയായാലും പരിഹരിക്കണം. അന്ധവും തീവ്രവുമായി നടത്തുന്ന അശാസ്ത്രീയമായ പരിസ്ഥിതി മൗലികവാദത്തിൽ നിയന്ത്രണം വേണം. വികസനം മുരടിപ്പിക്കാത്ത പരിസ്ഥിതി സംരക്ഷണമാണ് സർക്കാർ ലക്ഷ്യം. ഇത് രണ്ടും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. ഈ തിരിച്ചറിവിലൂടെ മുന്നേറുന്നതിലാകട്ടെ നമ്മുടെ ശ്രദ്ധ.

ചീഫ് എഡിറ്റർ

**ചീഫ് എഡിറ്റർ**
കെ. ബിജു ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബൈജു ആർ.എസ്.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം – 695 033

**ഫോൺ:** 0471 2322789
**ഇമെയിൽ–**
vyavasayakeralam@gmail.com
**വെബ്സൈറ്റ്–**
www.keralaindustry.org

പ്രതിനിധികൾ–
- **തിരുവനന്തപുരം** : രഞ്ജിത്. സി. ഒ
- **കൊല്ലം** : അബ്ദുൾ സലാം
- **പത്തനംതിട്ട:** സി.എം. ഷാജഹാൻ
- **ആലപ്പുഴ** : യു. അജിത്കുമാർ
- **കോട്ടയം** : ആർ. സുരേഷ്ബാബു
- **ഇടുക്കി** : ദീപ
- **എറണാകുളം** : ഇ.എം. നാസർ
- **തൃശൂർ** : കെ.എസ്. കൃപകുമാർ
- **പാലക്കാട്** : ഡി.എസ്. ഷിബുകുമാർ
- **മലപ്പുറം** : കെ.റ്റി. അബ്ദുൾ മജീദ്
- **കോഴിക്കോട്** : കെ. രാധാകൃഷ്ണൻ
- **വയനാട്** : പി.ബി. സത്യജിത്
- **കണ്ണൂർ** : നിധിൻ ഇ.ആർ.
- **കാസർഗോഡ്** : റ്റി. ദിനേശൻ

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ഷബീർ എം.,
ലക്ഷ്മി എസ്., ക്ലാരമ്മ ജെയിംസ്,
ആശാലത ടി.,
അരുൺ വി.എൻ., നിഷ,
വിപിൻ വി.എസ്.,
ബേബി. വൈ

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

# കേരളത്തിലെ വ്യാവസായിക മേഖലയ്ക്ക് പുതുജീവൻ

കേരളത്തിന്റെ വ്യവസായിക മേഖലയുടെ വളർച്ചയ്ക്ക് ഗണ്യമായ പ്രാധാന്യം നൽകി കൊണ്ടുള്ള ബഡ്ജറ്റാണ് കേരള സർക്കാർ അവതരിപ്പിച്ചിട്ടുള്ളത്. ആധുനിക അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക വിദ്യയും, ഉല്പന്ന വൈവിധ്യവൽകരണം, വ്യവസായ മേഖലയുടെ മൊത്തത്തിലുള്ള ആധുനിക വൽകരണവും നവീകരണവും എന്നിവയ്ക്ക് ഗവൺമെന്റ് നൽകിവരുന്ന പ്രാധാന്യം കേരളത്തിലെ വ്യവസായിക മേഖലയിലെ വളർച്ചാ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്.



**എ.സി. മൊയ്തീൻ**
വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി

രാജ്യത്തിന്റെ പ്രധാന പൊതുമേഖലാ സംരംഭങ്ങളുടെ ഓഹരികൾ വിറ്റഴിച്ച് ധനമൂലധന ശക്തികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന നയങ്ങൾക്ക് ബദലുകളായി പൊതു പണത്തെ ഉപയോഗപ്പെടുത്തി സംസ്ഥാന വികസനത്തിന്റെ നട്ടെല്ലായി വ്യവസായിക മേഖലയെ വികസിപ്പിക്കുകയാണ് കേരള സർക്കാർ. പൊതുമേഖലാ വ്യവസായ സംരംഭങ്ങളുടെയും ഇടത്തരം വ്യവസായ മേഖലകളുടെയും വളർച്ചയ്ക്ക് 533.26 കോടി രൂപയും സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്ക് 160.01 കോടി രൂപയും കയർ, കശുവണ്ടി, കൈത്തറി, ഖാദി മേഖലകളുടെ വളർച്ചയ്ക്ക് 289.60 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ ടെക്സ്റ്റയിൽ മേഖലയിൽ പൊതു-സഹകരണ സ്പിന്നിംഗ് & പവർ ലൂമുകളുടെ നവീകരണം സമഗ്രമായി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് 96.20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ കുറഞ്ഞ വേതനം ഉറപ്പു വരുത്തുന്നതിനും മതിയായ തൊഴിൽ നൈപുണ്യം ഇല്ലാത്തതു കൊണ്ട് മാത്രം ആധുനിക തൊഴിൽ ശാലകളിൽ നിന്ന് അകന്നു നിൽക്കേണ്ടി വരുന്ന പട്ടികജാതി പട്ടിക വർഗ്ഗക്കാർ ഉൾപെടെ അവരെ നൂതന തൊഴിൽ മേഖലയ്ക്ക് അനുയോജ്യമായ രീതിയിൽ മാറ്റി എടുക്കുവാനും ലക്ഷ്യമിട്ട് നൈപുണ്യ വികസനത്തിന് 48 കോടിയും വിപണി വികസനം ലക്ഷ്യമിട്ട് 4.40 കോടിയും വകയിരുത്തിയിട്ടുണ്ട്. വ്യവസായിക മേഖലയിൽ സ്ത്രീ തൊഴിലാളികൾക്ക് ആവശ്യമായ സൗകര്യങ്ങളും കുട്ടികൾക്ക് ക്രഷ് ഉൾപെടെ ഏർപെടുത്തി സ്ത്രീ സൗഹൃദമാക്കുന്നതിനും പദ്ധതിയുണ്ട്.

പരിസ്ഥിതി, നിക്ഷേപ സൗഹൃദപ്രവർത്തനങ്ങൾ എന്നിവയിലൂന്നി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സുസ്ഥിര സാമ്പത്തിക വളർച്ചയിലൂടെ ഒരു നിക്ഷേപ സൗഹൃദ കേന്ദ്രമാക്കി കേരളത്തെ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തിനു വേണ്ടിയുള്ള പ്രയാണത്തിൽ നമുക്ക് ഓരോരുത്തർക്കും കൈകോർക്കാം.

ലോറൻസ് മാത്യു



# ക്യു. ആർ കോഡ്

## ബിസിനസ് ലോകത്തിൽ

മാറ്റത്തിന്റെ പാതയിലാണ് ബിസിനസ്സ് ലോകമൊന്നാകെ. ആധുനിക സാങ്കേതിക വിദ്യകൾ അതിന് വഴിയൊരുക്കുന്നു. ഈ മാറ്റത്തിന്റെ കാലഘട്ടത്തിൽ നിന്നും മാറി നിൽക്കുന്നവർ ബിസിനസ്സിൽ നിന്ന് തന്നെ അപ്രത്യക്ഷമാവുന്ന കാഴ്ചയാണ് നാം കാണുന്നത്. പുതു പുത്തൻ സാങ്കേതിക വിദ്യകൾ ബിസിനസ്സിൽ ഉദയം ചെയ്യുമ്പോൾ അത് വരുത്തുന്ന മാറ്റങ്ങൾ പ്രവചനാതീതമാണ്. ഈ അടുത്ത കാലത്ത് ബിസിനസ്സ് ലോകത്ത് ഉദയം ചെയ്തയൊന്നാണ് ക്യു ആർ. കോഡ്. 4296 ആൽഫാ ന്യൂമെറിക് ക്യാരക്ടറുകൾ വരെ ശേഖരിച്ച് വയ്ക്കുവാൻ കഴിവുള്ള ക്യു ആർ കോഡുകൾ ഏത് ദിശയിൽ നിന്നും സ്കാൻ ചെയ്യുവാനും അതിന് തുടർച്ചയായി പണമടയ്ക്കൽ നടത്തുവാനും കഴിയും

എന്നതാണ് അവയെ കൂടുതൽ ജനകീയമാക്കുന്നത്.

## എന്താണ് ക്യു ആർ കോഡ്

ക്യുക്ക് റെസ്പോൺസ് കോഡ് എന്നതാണ് ഇതിന്റെ പൂർണരൂപം. വെളുപ്പും കറുപ്പും കലർന്ന ഒരു ചെറിയ ചതുരമാണ് ഈ ക്യു. ആർ. കോഡ്. എന്നാൽ ഇത് വെറുമൊരു ചതുരക്കളമല്ല. പരസ്യവിപണിയിലും ആധുനിക സാങ്കേതിക വിദ്യാരംഗത്തും സങ്കല്പിക്കാൻ പോലും കഴിയാത്ത മാറ്റങ്ങൾക്കാണ് ക്യു. ആർ. കോഡ് വഴി തെളിക്കുക. സാധാരണ ബാർകോഡുകളെപ്പോലെ തന്നെയുള്ള സംവിധാനമാണിത്. എന്നാൽ സാങ്കേതിക മുന്നേറ്റത്തിന്റെ ഏറ്റവും പുതിയ മുഖമായിരിക്കും ക്യു. ആർ കോഡിലൂടെ സംജാതമാവുക. പ്രത്യേക രീതിയിലുള്ള ദ്വിമാന മാട്രിക്സ് കോഡുകളാണിവ. ആയിരക്കണക്കിന് വിവരങ്ങൾ സൂക്ഷിച്ചു വെച്ച പ്രത്യേക കോഡാണിത്. പരമ്പരാഗത ബാർ കോഡുകളേക്കാൾ നൂറുമടങ്ങ് വിവരങ്ങൾ സൂക്ഷിക്കാൻ ക്യു. ആർ കോഡുകൾക്കാകും. ക്യു. ആർ റീഡർ എന്ന ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്ത ഫോണുകളിൽ ഇതിന്റെ ചിത്രമെടുത്താൽ ഉടൻ തന്നെ അതിലുള്ള ഡാറ്റ നമ്മുടെ ഫോണിലേയ്ക്ക് വരും. അതു ചിലപ്പോൾ ഒരു വെബ്സൈറ്റിലേയ്ക്കുള്ള ലിങ്കോ, വീഡിയോയോ ആകാം. അച്ചടി മാധ്യമത്തെയും ഓൺലൈൻ മാധ്യമത്തെയും ബന്ധിപ്പിക്കുന്ന കണ്ണിയായും ക്യു. ആർ കോഡ് മാറിയിരിക്കുന്നു.

## തുടക്കം


ലോകത്തിലെ സാങ്കേതിക വിദ്യയുടെ തല തൊട്ടപ്പന്മാരായ ജപ്പാൻകാരിലാണ് ഇതിന്റെ തുടക്കം. 1994 ൽ ടെയോട്ടയുടെ അനുബന്ധ സ്ഥാപനമായ ഡെൻസോ വേവിലാണ് ഈ സംവിധാനം ആദ്യമായി നിലവിൽ വന്നത്. വ്യവസായ ശാലയ്ക്കകത്ത് ഉൽപന്ന അസംസ്കൃത പദാർത്ഥങ്ങൾ, വാഹന ഘടകങ്ങൾ എന്നിവ ശരിയായ രീതിയിൽ നീക്കം നടത്തി ഉൽപാദനം കാര്യക്ഷമമാക്കുവാനാണ് ഈ സംവിധാനം ആദ്യമായി ഉപയോഗിച്ചത്. എന്നാലിന്ന് ഇത് വാണിജ്യ ഉൽപന്നങ്ങളുടെ പരസ്യത്തിനും

**ക്യുക്ക് റെസ്പോൺസ് കോഡ് എന്നതാണ് ഇതിന്റെ പൂർണരൂപം. വെളുപ്പും കറുപ്പും കലർന്ന ഒരു ചെറിയ ചതുരമാണ് ഈ ക്യു. ആർ. കോഡ്. എന്നാൽ ഇത് വെറുമൊരു ചതുരക്കളമല്ല. പരസ്യവിപണിയിലും ആധുനിക സാങ്കേതിക വിദ്യാരംഗത്തും സങ്കല്പിക്കാൻ പോലും കഴിയാത്ത മാറ്റങ്ങൾക്കാണ് ക്യു. ആർ. കോഡ് വഴി തെളിക്കുക.**

വിപണനത്തിനും വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട്.

## വിവിധ തരത്തിലുള്ള ക്യു ആർ കോഡുകൾ

കാലക്രമത്തിൽ നിരവധി മാറ്റങ്ങളാണ് ക്യു ആർ കോഡുകൾക്ക് വന്നത്. 1997 ഒക്ടോബറിലാണ് ക്യു ആർ കോഡുകളുടെ നിർമാണവും ഉപയോഗവും സംബന്ധിച്ച ആദ്യ സ്റ്റാൻഡേർഡ് നിലവിൽ വന്നത്. ഈയടുത്ത് 2017 ഫെബ്രുവരിയിൽ നിലവിൽ വന്ന പുതിയ മാനദണ്ഡങ്ങൾ ഉൾപെടുത്തി ഇപ്പോഴും ക്യു ആർ കോഡ് മുഖം മിനുക്കിക്കൊണ്ടിരിക്കുന്നു. സ്ഥലപരിമിതി ഒരു പോരായ്മയാകുന്ന സന്ദർഭങ്ങളിൽ ഏറെ പ്രയോജനപ്രദമായ മൈക്രോ ക്യു ആർ കോഡ്, ബാർ കോഡുകൾ പോലെ നീളത്തിലുള്ള പ്രതലത്തിൽ ആലേഖനം ചെയ്യാൻ സാധിക്കുന്ന ഐ ക്യു ആർ കോഡ്, രഹസ്യ വിവരങ്ങളും പബ്ലിക് ഡാറ്റയും ഒരുപോലെ ഉൾപെടുത്താൻ കഴിയുന്ന എസ് ക്യു ആർ കോഡ്, ചിത്രങ്ങളോ സന്ദേശങ്ങളോ കോഡിന്റെ പ്രതലത്തിലെ മധ്യഭാഗത്തുള്ള ശൂന്യമായ കാൻവാസ് ഏരിയയിൽ ഉൾപെടുത്താൻ കഴിയുന്ന ഫ്രെയിം ക്യു. ആർ കോഡ് എന്നിവ ഇത്തരം




http://www.qrcode.com/en/codes/

കോഡുകളുടെ വകഭേദങ്ങളാണ്. ഇവയുടെ വിശദവിവരങ്ങൾ http://www.qrcode.com/en/codes/ എന്ന ലിങ്കിൽ നിന്നും ലഭിക്കും.

## ഉപയോഗങ്ങൾ

ബാർ കോഡുകൾ കൊണ്ട് സാധ്യമാകുന്ന ഒട്ടുമിക്ക ജോലികളും, അതിലധികവും ഇപ്പോൾ ക്യൂ. ആർ കോഡുകൾ കൊണ്ടും ചെയ്യാനാകും. വാഹനങ്ങളിലെയും തിയറ്ററുകളിലെയും ടിക്കറ്റുകൾ, ഉത്പന്നങ്ങളുടെ ലേബലുകളിൽ വിവരങ്ങൾ ഉൾപെടുത്തുക. വൈഫൈ നെറ്റ് വർക്കിലേയ്ക്ക് കണക്ട് ചെയ്യുക. ജിയോ ലൊക്കേഷൻ അടയാളപ്പെടുത്താനാകും കണ്ടെത്താനും, വാട്സ് ആപ്പ് പോലുള്ള സേവനങ്ങളുടെ ഓതെന്റിക്കേഷൻ നടത്തുക തുടങ്ങിയ നിരവധി ഉപയോഗങ്ങൾ ക്യൂ. ആർ കോഡുകൾക്കുണ്ട്.

## ബിസിനസ്സ് പ്രമോഷൻ ക്യൂ. ആർ. കോഡ്

വൻകിട ബിസിനസ്സുകാർക്കെന്ന പോലെ തന്നെ ചെറുകിട ബിസിനസ്സ് ചെയ്യുന്നവർക്കും അവരുടെ ബിസിനസ് പ്രമോഷനു വേണ്ടി ഇതുപയോഗിക്കാവുന്നതാണ്. വിവിധ പരസ്യ കമ്പനികൾ ക്യൂ. ആർ കോഡ് ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. ഉദാഹരണത്തിന് ഏതെങ്കിലുമൊരു കാർ കമ്പനി പത്രത്തിൽ അതിന്റെ പരസ്യത്തിന്റെ കൂടെ ഈ ക്യു ആർ ചതുരം നൽകിയെന്ന് കരുതുക. ക്യു ആർ

കോഡ് ഇൻസ്റ്റാൾ ചെയ്ത നിങ്ങളുടെ ഫോണിൽ ഇത് സ്കാൻ ചെയ്താൽ അത് നേരെ പോവുക ആ കാർ കമ്പനിയുടെ വെബ്സൈറ്റിലേയ്ക്കായിരിക്കും. ഇത് പോലുള്ള സംവിധാനം ചെറുകിട ഉത്പാദകർക്കും വിവിധ സേവന ദാതാക്കൾക്കും ഉപയോഗിക്കുവാൻ കഴിയും. വിസിറ്റിങ്ങ് കാർഡുകളിൽ ക്യു ആർ കോഡ് ഉപയോഗിക്കുന്നത് വഴി സ്കാനിങ്ങിൽ തങ്ങളുടെ കമ്പനിയുടെ വെബ്സൈറ്റിലേയ്ക്ക് ചെന്നെത്തുന്ന സംവിധാനം ഏർപ്പെടുത്തുവാൻ കഴിയും.

## പണമിടപാടിന് ക്യു. ആർ കോഡ്

പണമിടപാടിന് ആധുനിക ഉപകരണങ്ങളും ആപ്പുകളും വന്നതോടു കൂടിയാണ് ഈ രംഗത്ത് ക്യു. ആർ കോഡുകളുടെ പ്രചാരം കുതിച്ചുയർന്നത്. ഏറ്റവും ചെലവ് കുറവാണെന്നത് ഇതിനെ ജനപ്രിയമാക്കുന്ന ഘടകങ്ങളിലൊന്നാണ്. പുതു തലമുറയെ ആകർഷിക്കുവാൻ കഴിയുമെന്നതും പ്രധാനപ്പെട്ടയൊന്നാണ്.

ഇലക്ട്രോണിക് പേയ്മെന്റ് സംവിധാനം ലഭ്യമായിട്ടുള്ള വ്യാപാര സ്ഥാപനങ്ങളിലെല്ലാം തന്നെ ക്യു. ആർ കോഡ് എന്ന ക്വിക്ക് റെസ്പോൺസ് കോഡ് പ്രദർശിപ്പിക്കുകയും അവ ഉപഭോക്താക്കൾക്ക് സ്മാർട്ട് ഫോൺ ക്യാമറകളുടെ സഹായത്തോടുകൂടി സ്കാൻ ചെയ്ത് ഇന്റർനെറ്റ് സഹായത്തോടെ പണമിടപാട് നടത്തുവാൻ സാധിക്കുകയും ചെയ്യുന്നത് ഇന്ന്

**പണമിടപാടിന് ആധുനിക ഉപകരണങ്ങളും ആപ്പുകളും വന്നതോടു കൂടിയാണ് ഈ രംഗത്ത് ക്യു. ആർ കോഡുകളുടെ പ്രചാരം കുതിച്ചുയർന്നത്. ഏറ്റവും ചെലവ് കുറവാണെന്നത് ഇതിനെ ജനപ്രിയമാക്കുന്ന ഘടകങ്ങളിലൊന്നാണ്.**

**ബിസിനസ്സ് പ്രമോഷൻ ക്യു. ആർ. കോഡ്**



വ്യാപകമായിക്കൊണ്ടിരിക്കുന്നു. പേ ടി എം എന്ന മൊബൈൽ വാലറ്റ് സംവിധാനം ഇതിനകം ഏറെ പ്രശസ്തമായിക്കഴിഞ്ഞു. എന്നാൽ ഈ കമ്പനിക്ക് കനത്ത വെല്ലുവിളി ഉയർത്തിക്കൊണ്ടാണ് ഇലക്ട്രോണിക്ക് ഉപകരണങ്ങളിലൂടെ പണമിടപാട് നടത്തുവാൻ സഹായിക്കുന്ന ഭാരത് ക്യു ആർ കോഡ് എന്ന പുതിയ സംവിധാനം കേന്ദ്രസർക്കാർ അവതരിപ്പിച്ചിരിക്കുന്നത്. ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ പണമിടപാട് നടത്തുവാൻ സഹായിക്കുന്ന ക്യു ആർ കോഡ് വിസ, മാസ്റ്റർ കാർഡ് എന്നിവയുടെ സഹായത്തോടെ നാഷണൽ പേയ്മെന്റ്സ് കോർപറേഷനാണ് അവതരിപ്പിച്ചിരിക്കുന്നത്. രാജ്യത്തെ പ്രമുഖ ബാങ്കുകളായ എസ് ബി ഐ, ആക്സിസ് ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, ബാങ്ക് ഓഫ് ഇന്ത്യ, ഐ. സി. ഐ. സി. ഐ ബാങ്ക്, വിജയ ബാങ്ക്, യെസ് ബാങ്ക് എന്നിവ ഭാരത് ക്യു ആർ കോഡ് നടപ്പാക്കി കഴിഞ്ഞിട്ടുണ്ട്.

## ക്യു ആർ കോഡ് ടൂറിസത്തിൽ

ടൂറിസം രംഗത്ത് ഈ സംവിധാനം ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയും. ഇതിനൊരു മാതൃക ബ്രസീലിൽ നിന്നും ഉയർന്ന് വന്നിരിക്കുന്നു. ബ്രസീലിയൻ നഗരമായ റിയോ ഡി ജനീറോയിൽ വിനോദ സഞ്ചാരികളെ സഹായിക്കുവാൻ ക്യു ആർ കോഡ് വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. സ്മാർട്ട് ഫോണിൽ കോഡ് സ്കാൻ ചെയ്താൽ നഗരത്തിൽ എവിടെയാണ് ഇനി സന്ദർശിക്കേണ്ട സ്ഥലങ്ങൾ തുടങ്ങിയ വിവരങ്ങളെല്ലാം ലഭ്യമാകും. നടപ്പാതകളിൽ സ്ഥാപിക്കുന്ന ക്യു ആർ കോഡുകളിൽ ബന്ധപ്പെട്ട വിവരങ്ങളുള്ള ടൂറിസം സൈറ്റുകളിലേയ്ക്കുള്ള ലിങ്കുകളാവും ഉള്ളത്. സ്കാൻ ചെയ്യുമ്പോൾ കോഡിൽ സന്നിവേശിപ്പിച്ചിട്ടുള്ള ലിങ്ക് ഫോണിലെത്തും. അതിൽ പോയി ആവശ്യമുള്ള വിവരങ്ങൾ മനസ്സിലാക്കാം. ഭൂപടങ്ങളിലേയ്ക്കുള്ള ലിങ്കുകളുമുണ്ടാകും. ഇതിൽ

**ക്യു ആർ കോഡ് ടൂറിസത്തിൽ**






നഗരത്തിലെത്തുന്ന ടൂറിസ്റ്റുകളെ ലക്ഷ്യമാക്കിയാണ് ടൂറിസം അധികൃതർ ഈ നൂതന സംവിധാനം പരീക്ഷിക്കുന്നത്. നഗരത്തിലെമ്പാടും, ബീച്ചിലും നടപ്പാതകളിലും ക്യു ആർ കോഡുകൾ സ്ഥാപിക്കുന്ന തിരക്കിലാണവർ. റിയോയിലെ അർപോഡർ ജില്ലയിലാണ് ഈ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്.

ദൈവത്തിന്റെ സ്വന്തം നാടെന്ന പേരിൽ ബ്രാന്റ് ചെയ്യപ്പെട്ടിട്ടുള്ള കേരളത്തിന്റെ ഏറ്റവുമധികം വളർച്ചാ സാധ്യതയുള്ള വ്യവസായമായ ടൂറിസത്തിൽ നമുക്കും ഈ മാതൃക പിന്തുടരാവുന്നതാണ്. ഇപ്പോൾത്തന്നെ കേരളത്തിലെ വിനോദ സഞ്ചാര മേഖലയിൽ വിപ്ലവം സൃഷ്ടിക്കുന്നതിന് പുതിയ സംവിധാനവുമായി സംസ്ഥാന ടൂറിസം വകുപ്പ് രംഗത്തെത്തിയിട്ടുണ്ട്. സംസ്ഥാനത്തെത്തുന്ന വിനോദ സഞ്ചാരികളെ സഹായിക്കുന്നതിന് ക്യു ആർ കോഡ് സംവിധാനമാണ് ടൂറിസം വകുപ്പ് നടപ്പിലാക്കുന്നത്. ഈ സംവിധാനത്തിലൂടെ വിനോദ സഞ്ചാരികൾക്ക് സംസ്ഥാനത്ത് എവിടെയുമുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ ലഭിക്കും. ക്യു ആർ റീഡർ എന്ന ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്ത് സ്മാർട്ട്

**ദൈവത്തിന്റെ സ്വന്തം നാടെന്ന പേരിൽ ബ്രാന്റ് ചെയ്യപ്പെട്ടിട്ടുള്ള കേരളത്തിന്റെ ഏറ്റവുമധികം വളർച്ചാ സാധ്യതയുള്ള വ്യവസായമായ ടൂറിസത്തിൽ നമുക്കും ഈ മാതൃക പിന്തുടരാവുന്നതാണ്.**




ഫോണുകളിലോ ടാബുകളിലോ റൊഡരികിൽ സ്ഥാപിച്ചിട്ടുള്ള ക്യൂ. ആർ കോഡിന്റെ ചിത്രമെടുത്താൽ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വിവരങ്ങൾ ചിത്രങ്ങൾ സഹിതം അപ്പോൾതന്നെ ലഭിക്കും. സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്ന ക്യു ആർ കോഡുകളുടെ സഹായത്തോടെ അതതു സ്ഥലങ്ങൾക്ക് ഏറ്റവും അടുത്തുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ടൂറിസം വെബ്സൈറ്റിൽ ലഭ്യമാകും. സഞ്ചാരികൾ നിൽക്കുന്ന സ്ഥലത്ത് നിന്നും രണ്ട് കിലോമീറ്റർ മുതൽ 50 കിലോമീറ്റർ വരെ ദൂരപരിധിയിലുള്ള വിവരങ്ങളാണ് പ്രധാനമായും ലഭിക്കുക. ഇന്ത്യയിലാദ്യമായാണ് ടൂറിസം രംഗത്ത് ഇത്തരമൊരു സംവിധാനം നടപ്പിലാക്കുന്നത്. ഇൻവിസ് മൾട്ടിമീഡിയയാണ് ടൂറിസം വകുപ്പിന് വേണ്ടി ക്യു ആർ കോഡ് സംവിധാനം രൂപകല്പന ചെയ്യുന്നത്. ഇതുപോലുള്ള സംവിധാനങ്ങൾ വിവിധ വകുപ്പുകൾക്ക് ചെയ്തുകൊടുക്കുന്നത് ഒരു സംരംഭമായി ആരംഭിക്കാവുന്നതാണ്. സ്റ്റാർട്ട് അപ്പ് കമ്പനികൾക്ക് ഈ സംവിധാനം വികസിപ്പിക്കുവാൻ കഴിയും.

**സംസ്ഥാനത്തുടനീളം സ്ഥാപിക്കുന്ന ക്യു ആർ കോഡുകളുടെ സഹായത്തോടെ അതതു സ്ഥലങ്ങൾക്ക് ഏറ്റവും അടുത്തുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ടൂറിസം വെബ്സൈറ്റിൽ ലഭ്യമാകും.**

## കൃഷിയിൽ ക്യു ആർ കോഡ്

സർക്കാറിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന കാർഷിക നഴ്സറികളിൽ ഉല്പാദിപ്പിച്ച് വില്പന നടത്തുന്ന തൈകൾക്ക് ഇനി മുതൽ ക്യൂ. ആർ കോഡ് സംവിധാനം ഏർപെടുത്തുന്ന ഒരു പ്രോജക്ടുമായി കേരള കാർഷിക ക്ഷേമ വകുപ്പ് മുമ്പോട്ട് വന്നിട്ടുണ്ട്. വ്യാജ തൈകളുടെ വില്പന തടയുന്നതിനും ഗുണമേന്മ ഉറപ്പു വരുത്തുന്നതിനുമാണ് ഈ സംവിധാനം ഉപയോഗിക്കുക. സർക്കാരിന്റെ മറ്റ്

നഴ്സറികളിലും ഉടൻ ഈ സംവിധാനം നടപ്പാക്കും.

## ക്യു ആർ കോഡ് കയറിലും

കയർ കേരള- 2017 ന്റെ ഭാഗമായി ആലപ്പുഴയുടെ ചരിത്രത്തിന്റെ ഭാഗമായ കയർ വ്യവസായവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെ ക്യു ആർ കോഡ് ഉപയോഗിച്ച് മാർക്ക് ചെയ്യുന്ന പദ്ധതിക്ക് തുടക്കമായിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ ചരിത്രപരമായ പ്രാധാന്യവും വസ്തുതകളും ഇന്റർനെറ്റിൽ ലഭ്യമാക്കുകയും ക്യു ആർ കോഡ് സ്കാൻ ചെയ്യുന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ വഴി വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

## ചിക്കൻ വില്പനയിലും ക്യു ആർ കോഡ്

മൊബൈൽ ഉപയോഗിച്ച് സ്കാൻ ചെയ്താൽ വളർത്തിയ കൃഷിക്കാരൻ, കഴിച്ച തീറ്റ തുടങ്ങി കോഴിയുടെ ജീവചരിത്രം മുഴുവൻ ലഭ്യമാവുന്ന സംവിധാനമാണ് കൊട്ടാരക്കരയിലെ വേണാട് പൗൾട്രി ഫാം ഒരുക്കിയിരിക്കുന്നത്. അടുത്ത കാലത്ത് കാർഷിക കേരളം ശ്രദ്ധിച്ച ഏറ്റവും വിപ്ലവകരമായ ആശയമായിരുന്നു ആന്റി ബയോട്ടിക് അംശം തീരെയില്ലാത്ത ബോയിലർ കോഴികളുടെ വിപണനം. ഇതിന് ഇവർ സ്വീകരിച്ച വിപ്ലവകരമായ വിപണന തന്ത്രമായിരുന്നു കാലിൽ ക്യു ആർ കോഡ് ലേബൽ ഒട്ടിച്ച കോഴി. ഇത് മൊബൈലിൽ സ്കാൻ ചെയ്ത് കോഴിയെപ്പറ്റിയുള്ള വിവരങ്ങൾ അറിയുവാൻ സാധിക്കും. കർഷകന്റെ പേര്, വിലാസം, കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച കമ്പനി, തീറ്റ ഉല്പാദിപ്പിച്ച കമ്പനി, നൽകിയ മരുന്നുകളിലെ ആന്റിബയോട്ടിക്- ഹോർമോൺ- സ്റ്റിറോയ്ഡ് സാന്നിധ്യം, മരുന്നു നൽകിയ തീയതി, ഓരോ ബാച്ചിലെയും കോഴികളുടെ എണ്ണം, പ്രായം, ബാച്ച് നമ്പർ എന്നിവയാണ് ഇതിലൂടെ ലഭ്യമാവുക. വിവരങ്ങൾ ആധികാരികമെന്നുറപ്പ് വരുത്തുവാനായിട്ട് ഓരോ കർഷകന്റെ കയ്യൊപ്പും ഇതിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ രീതി മറ്റ് കാർഷികാധിഷ്ഠിത സംരംഭങ്ങൾക്കും മാതൃകയാക്കാവുന്നതാണ്.



Cardless ATMs use Smartphone & QRCode




## എ. ടി. എം കാർഡിന് പകരമാവാൻ ക്യു ആർ കോഡ്

വ്യത്യസ്തമായ മൊബൈൽ ആപ്ലിക്കേഷനുമായാണ് പുത്തൻ സ്റ്റാർട്ടപ്പ് കമ്പനികൾ ഉദയം ചെയ്യുന്നത്. എ ടി എം കാർഡ് ഉപയോഗിക്കാതെ പണം പിൻവലിക്കാനുള്ള ആപ്ലിക്കേഷനുമായി തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിലെ ചില വിദ്യാർത്ഥികൾ മുമ്പോട്ട് വന്നിട്ടുണ്ട്. വാലറ്റ് എന്നാണ് ഈ ആപ്ലിക്കേഷന്റെ പേര്, ക്യു. ആർ. കോഡ് ഉപയോഗിച്ചാണ് ആപ്പിന്റെ പ്രവർത്തനം. ആപ്പ് വികസിപ്പിക്കുക മാത്രമല്ല, സംരംഭകത്വ സംഗമമായ ടൈക്കോൺ കേരള 2015 ൽ യുവ സംരംഭകർക്ക് വേണ്ടി നടത്തിയ പിച്ച് ഫെസ്റ്റിന്റെ ആൽഫാ വിഭാഗത്തിൽ വാലറ്റ് ടീം ഒന്നാമതെത്തുകയും ചെയ്തു. കൊച്ചി സ്റ്റാർട്ടപ്പ് വില്ലേജിന്റെ സ്റ്റാർട്ടപ്പ് ബോക്സ് പദ്ധതിയുടെ ഭാഗമായുള്ള സംഘങ്ങളിലൊന്നാണ് വാലറ്റ്.

വാലറ്റ് ആപ്പ് ആൻഡ്രോയ്ഡ് ഫോണിൽ ഡൗൺലോഡ് ചെയ്ത് എ. ടി. എം കാർഡിലെ വിവരങ്ങൾ ഇതിൽ നൽകണം. ആപ്പിൽ നിന്ന് മറ്റുള്ളവർക്ക് ഈ വിവരങ്ങൾ ചോർത്തിയെടുക്കാനാവില്ല. എ. ടി. എം കൗണ്ടറിലെത്തിയാൽ മെഷീനിന്റെ സ്ക്രീനിലെ വാലറ്റ് ഐക്കണിൽ വിരലമർത്തണം. സ്ക്രീനിൽ തെളിയുന്ന ക്യു. ആർ. കോഡ് മൊബൈൽ ഉപയോഗിച്ച് സ്കാൻ ചെയ്യണം. മൊബൈൽ സ്ക്രീനിൽ എ. ടി. എം. കാർഡിന്റെ പിൻ നമ്പർ ചേർക്കാനുള്ള വിൻഡോ തെളിയും. ഇതു നൽകി ആവശ്യമുള്ള തുകയും രേഖപ്പെടുത്തിയാൽ പണം കിട്ടും. എ. ടി. എം കാർഡ് കൈവശമുണ്ടാവുക പോലും വേണ്ട. പണം പിൻവലിച്ച വിവരം മൊബൈലിൽ സേവാകുകയും ചെയ്യും. നഷ്ടപ്പെട്ട എ. ടി. എം കാർഡുപയോഗിച്ചും സ്കിമ്മിങ്ങ് വഴി കാർഡിലെ വിവരങ്ങൾ ചോർത്തിയെടുത്തും കാർഡ് ക്ലോൺ ചെയ്തുമൊക്കെ പണം തട്ടുന്നതിന് പ്രതിവിധിയാണ് വാലറ്റ് ആപ്പ്. വാലറ്റ് ആപ്പിനോട് ഐ. സി. ഐ. സി. ഐ, ഫെഡറൽ ബാങ്ക് തുടങ്ങി രാജ്യത്തെ പ്രമുഖ ബാങ്കുകൾ താത്പര്യം പ്രകടിപ്പിച്ചു കഴിഞ്ഞു.

## പരസ്യങ്ങളിലും ക്യു ആർ കോഡ്

പരസ്യക്കമ്പനികൾക്ക് വ്യാപകമായി ഉപയോഗിക്കുവാൻ കഴിയുന്നയൊന്നാണ് ഇത്. സിനിമാ പരസ്യങ്ങളിലുള്ള കോഡ് സ്കാൻ ചെയ്താൽ നഗരത്തിലെ തീയേറ്ററുകളിലോടുന്ന സിനിമകളുടെ വിവരങ്ങളറിയുവാൻ കഴിയും.

## ക്യു ആർ കോഡിന് നിർമിക്കുന്നത് എങ്ങനെ?

വിവിധ തരത്തിലുള്ള ക്യു ആർ കോഡ് നിർമാണത്തിനായി ഈ കോഡിന്റെ നിർമാതാക്കളായ ഡെൻസോ വേവ് തന്നെ

പുറത്തിറക്കിയിട്ടുള്ള QR draw Ad എന്ന സോഫ്റ്റ് വെയർ ഉപയോഗിക്കാം. ഇത്തരത്തിൽ വ്യാവസായിക ആവശ്യത്തിനായി ക്യു ആർ കോഡുകൾ നിർമിക്കുമ്പോൾ കൈക്കൊളളേണ്ട മുൻകരുതലുകൾ, മാർഗ നിർദ്ദേശ രേഖകൾ എന്നിവ http://wwwqrcode.com എന്ന ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. വ്യക്തിഗത ആവശ്യങ്ങൾക്കായി ക്യു ആർ കോഡ് നിർമിക്കുന്നതിനായി നിരവധി സൈറ്റുകൾ ലഭ്യമാണ്. https://www.the-qrcode-generator.com/, https://www.qrstuff.com/ തുടങ്ങിയവ ഉദാഹരണമാണ്. ഈ സൈറ്റുകളിൽ നിന്നും ക്യു ആർ കോഡ് നിർമിക്കുമ്പോൾ ശ്രദ്ധിക്കേണ്ടുന്ന പ്രധാന കാര്യം അവ പ്രിന്റ് ചെയ്യുമ്പോഴോ വെബ് പേജുകളിലോ ഇ-ഡോക്യുമെന്റുകളിലോ ഉൾപെടുത്തുമ്പോൾ മതിയായ വലിപ്പം ഉറപ്പു വരുത്തണം എന്നതാണ്. അല്ലാത്ത പക്ഷം കോഡ് ഡീകോഡ് ചെയ്യാൻ സാധിക്കാതെ വരും.

ഇതിന്റെ നിർമാണം വളരെ ലളിതമാണ്. ഉദാഹരണമായി https://www.the-qrcode-generator.com/എന്ന സൈറ്റിന്റെ സഹായത്താൽ നിർമിച്ചിരിക്കുന്ന ഇതോടൊപ്പം കൊടുത്തിരിക്കുന്ന ക്യു ആർ കോഡ് സ്കാൻ ചെയ്താൽ ലേഖകന്റെ സംരംഭകത്വ ബ്ലോഗിലെത്തുവാൻ കഴിയും.

## എങ്ങനെ ക്യു ആർ കോഡ് വായിക്കാം

മൊബൈൽ ഫോണുപയോഗിച്ച് വളരെ വേഗത്തിൽ ക്യു ആർ കോഡുകൾ വായിക്കാം. ആൻഡ്രോയിഡ് ഫോണുകളിൽ ക്യു ആർ കോഡ് സ്കാനർ എന്ന ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്താൽ മതി. ക്യു ആർ കോഡുകളുടെ ഫോട്ടോയെടുത്താൽ മതി ഈ ആപ്ലിക്കേഷൻ ക്യു ആർ കോഡിലെ വിവരങ്ങൾ കാണിച്ചു തരും.




## ക്യു ആർ കോഡിന്റെ ഭാവി

സ്മാർട്ട് ഫോണുകളുടെ അതിവ്യാപനമാണ് ഇതിന്റെ പ്രചാരം വേഗത്തിലാക്കിയത്. എന്നാൽ സാങ്കേതിക രംഗത്തെ മാറ്റങ്ങൾ പ്രവചനാതീതമാണ്. ഇനി അടുത്തതായി വരുന്നത് നിയർ ഫീഡ് കമ്മ്യൂണിക്കേഷൻ, സ്നാപ് ടാഗ് തുടങ്ങിയ സാങ്കേതിക വിദ്യകളാണ് എന്ന് പ്രവചിക്കപ്പെടുന്നു. എന്നിരുന്നാലും അടുത്ത ഏതാനും വർഷങ്ങൾ കൂടിയും ക്യു ആർ കോഡ് എന്ന ഈ സാങ്കേതിക വിദ്യയുടെ കാലമായിരിക്കുമെന്ന് നിസ്സംശയം പറയാം.

ടി. എസ്. ചന്ദ്രൻ

# എം. എസ്. എം. ഇ, സംരംഭ ഘടനയ്ക്ക് സമൂല പരിവർത്തനം



സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ നിർവചനത്തിൽ സമൂലമാറ്റം വരുത്തിക്കൊണ്ട് കേന്ദ്രസർക്കാർ തീരുമാനം എടുത്തിരിക്കുന്നു. 2018 ഫെബ്രുവരി 7 നാണ് ഇത് സംബന്ധിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്. 2006 ഒക്ടോബർ രണ്ട് മുതൽ പ്രാബല്യത്തിൽ വന്ന, മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസ് ഡവലപ്മെന്റ് ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ടാണ് പുതിയ സംരംഭ ഘടനയ്ക്ക് രൂപം നൽകിയിരിക്കുന്നത്. വിവേചന രഹിതവും, സുതാര്യവുമായ മാനദണ്ഡങ്ങൾ എം. എസ്. എം. ഇ വിഭാഗത്തിൽ കൊണ്ടുവരേണ്ടത് അത്യാവശ്യമാണ് എന്ന് സർക്കാർ വിലയിരുത്തുന്നു. ഇതുവരെയുള്ള നിർവചനം പ്ലാന്റിലും, മെഷിനറിയിലുമുള്ള നിക്ഷേപത്തെ അടിസ്ഥാനമാക്കിയായിരുന്നു. എന്നാൽ ഇപ്പോൾ പ്രസ്തുത സ്ഥാനത്ത് വാർഷിക വിറ്റുവരവാണ് മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നത്. ഇത്തരമൊരു മാറ്റത്തിന് പ്രധാനമായ കാരണങ്ങൾ ഇവയാണ്.

1. ബിസിനസിന്റെ ലോകോത്തര അളവുകോലായി കണക്കാക്കുന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്ന ആശയത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കുക.
2. ജി. എസ്. ടി ഫലപ്രദമായി നടക്കുന്നതിന് അനുയോജ്യമായ സംരംഭഘടന ഉണ്ടാക്കുക.

ഉല്പാദനമേഖല, സേവനമേഖല എന്നിങ്ങനെയുള്ള തരംതിരിവുകൾ ഇനി ഉണ്ടാകില്ല.

## പുതിയ നിർവചനം

1. സൂക്ഷ്മ സംരംഭങ്ങൾ (മൈക്രോ എന്റർപ്രൈസസ്)- വാർഷിക വിറ്റുവരവ് 5 കോടിയിൽ താഴെ.
2. ചെറുകിട സംരംഭങ്ങൾ (സ്മാൾ എന്റർപ്രൈസസ്)- വാർഷിക വിറ്റുവരവ് 5 കോടി രൂപയ്ക്ക് മുകളിലും 75 കോടിയിൽ അധികരിക്കാതേയും.
3. ഇടത്തരം സംരംഭങ്ങൾ (മീഡിയം എന്റർപ്രൈസസ്)- വാർഷിക വിറ്റുവരവ് 75 കോടി രൂപയ്ക്ക് മുകളിലും 250 കോടി അധികരിക്കാതേയും.

250 കോടി രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള സംരംഭങ്ങളെ വൻകിട സംരംഭങ്ങളുടെ ഗണത്തിലാണ് ഉൾപെടുത്തിയിരിക്കുന്നത്. കേന്ദ്ര

ഗവൺമെന്റിന് ഒരു വിജ്ഞാപനത്തിലൂടെ മേൽപറഞ്ഞ വിറ്റുവരവ് പരിധിയിൽ ഭേദഗതികൾ വരുത്താവുന്നതാണ് എന്നും, എന്നാൽ വർദ്ധനവ് മൂന്ന് ഇരട്ടിയിൽ അധികരിക്കാൻ പാടില്ല എന്നും വിജ്ഞാപനം പറയുന്നു.

## 2006 ലെ നിർവചനം

**ഉല്പാദനമേഖല**

1. സൂക്ഷ്മ സംരംഭം: യന്ത്രസാമഗ്രിയിലെ നിക്ഷേപം 25 ലക്ഷം രൂപയിൽ താഴെ
2. ചെറുകിട വ്യവസായം: 25 ലക്ഷം രൂപ മുതൽ 5 കോടി രൂപ വരെ.
3. ഇടത്തരം വ്യവസായം: 5 കോടി രൂപ മുതൽ 10 കോടി രൂപ വരെ.

**സേവന മേഖല**

1. സൂക്ഷ്മ സംരംഭം: ഉപകരണങ്ങളിലെ നിക്ഷേപം 10 ലക്ഷം രൂപ വരെ
2. ചെറുകിട സംരംഭം: 10 ലക്ഷം രൂപ മുതൽ 2 കോടി വരെ
3. ഇടത്തരം സംരംഭം: രണ്ട് കോടി രൂപ മുതൽ 5 കോടി വരെ.

ഇവയ്ക്ക് മുകളിൽ വരുന്നവയെ വൻകിട സംരംഭങ്ങൾ ആയി കണക്കാക്കുന്നു.

ഇന്ത്യയിൽ കൃഷി കഴിഞ്ഞാൽ ഏറ്റവുമധികം തൊഴിൽ നൽകുന്നത് സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭ മേഖലയാണ്. വലിയ പരിഗണനയാണ് ഈ മേഖലയുടെ വളർച്ചയ്ക്ക് സർക്കാർ നൽകുന്നത്. പുതിയ നിർവചനത്തിലൂടെ കൂടുതൽ സംരംഭങ്ങൾക്ക് സർക്കാർ പ്രോത്സാഹനം നൽകുവാൻ കഴിയും. നിക്ഷേപവും തൊഴിൽ അവസരങ്ങളും വർദ്ധിക്കും. ഈ രംഗത്തെ ബിസിനസ്സുകൾ കൂടുതൽ വ്യവസ്ഥാപിതമാവുകയും ലോക നിലവാരത്തിലേയ്ക്ക് ഉയർത്താൻ കഴിയുകയും ചെയ്യും എന്നാണ് പ്രതീക്ഷ.



ബൈജു നെടുങ്കേരി



# പീനട്ട് ബട്ടർ നിർമാണം

കേരളത്തിന്റെ പുതിയ വ്യവസായനയം ചെറുകിട വ്യവസായരംഗത്ത് വലിയ ഉണർവ് പ്രദാനം ചെയ്യുന്നതാണ്. ചെറുകിട സംരംഭകരെ കുഴക്കിയിരുന്ന ലൈസൻസിംഗ് സമ്പ്രദായത്തിനും അനാവശ്യമായ ബാഹ്യ ഇടപെടലുകൾക്കും ചുവപ്പ് നാടകൾക്കും അറുതി വരുത്തിയിരിക്കുന്നു. ഈ ഗവൺമെന്റ് കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയിലും, ചെറുകിട വ്യവസായ രംഗത്തും ഈ നയം ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിക്കും. നാനോ സംരംഭങ്ങൾക്ക് അനുമതി നൽകിയതുവഴി വീട്ടമ്മമാരുടെ ഒഴിവ് സമയം പ്രയോജനപ്പെടുത്തി ധാരാളം കുടുംബ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അവസരമാണ് ഒരുക്കപ്പെട്ടിട്ടുള്ളത്. ഇത് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും കുടുംബങ്ങളുടെ വരുമാന വർദ്ധനവിനും കാരണമാകും. മായം കലരാത്ത നിരവധി ഉല്പന്നങ്ങൾ വിപണിയിലെത്തും.

കേരളത്തിന്റെ ഭക്ഷ്യസംസ്കരണം കാലഘട്ടത്തിനനുസരിച്ച് വലിയ മാറ്റത്തിന്റെ പാതയിലാണ്. മുൻ കാലങ്ങളിൽ വിശപ്പടക്കുക എന്നുള്ള സ്ഥാനമാണ് ഭക്ഷണത്തിനുണ്ടായിരുന്നതെങ്കിൽ ഇന്ന് ആരോഗ്യ ഗുണങ്ങളും കലോറി വാല്യുവും



ന്യൂട്രീഷൻ ഫാക്ടുമെല്ലാം വിശദമായി പരിശോധിച്ചിട്ടാണ് ഇന്ന് ഭക്ഷണം തിരഞ്ഞെടുക്കുന്നത്. ഉപഭോക്തൃ സംസ്കാരത്തിലുണ്ടായ ഈ മാറ്റം ഗുണമേന്മയുള്ളതും സാങ്കേതിക വിദ്യാധിഷ്ഠിതവുമായി നിർമിക്കുന്ന ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്ക് ഗുണകരമാണ്. ഈ സാധ്യത പ്രയോജനപ്പെടുത്തി ആരംഭിക്കാവുന്ന വ്യവസായമാണ് പീനട്ട് ബട്ടർ നിർമാണം. പ്രോട്ടീൻ റിച്ച് ആയ ഹെൽത്തി ഫുഡ് ആണ് പീനട്ട് ബട്ടർ. ബ്രെഡിനൊപ്പവും കുക്കീസുകൾക്കൊപ്പവും പീനട്ട് ബട്ടർ ഉപയോഗിക്കാം. വിദേശങ്ങളിൽ പഴങ്ങൾക്കൊപ്പവും പീനട്ട് ബട്ടർ ഉപയോഗിക്കുന്നുണ്ട്. കേക്ക് നിർമാണത്തിനും ഷേക്ക് നിർമാണത്തിനും കേരളത്തിൽ പീനട്ട് ബട്ടർ ഉപയോഗിക്കുന്നുണ്ട്.

## സാധ്യതകൾ

കേരളത്തിൽ പീനട്ട് ബട്ടർ നിർമാണം ഒരു വ്യവസായമായി വളർന്നിട്ടില്ല. പാലാ കേന്ദ്രീകരിച്ച് മെലോ എന്ന ബ്രാന്റ് നെയിമിൽ വിവിധതരം ബട്ടറുകൾ പുറത്തിറക്കുന്ന ഒരു കമ്പനി പ്രവർത്തിച്ചു വരുന്നു. മറുനാടൻ കമ്പനികൾ പീനട്ട് ബട്ടർ കേരളത്തിലെത്തിച്ച് ധാരാളമായി വില്പന നടത്തുന്നുണ്ട്. സംസ്കരിച്ച് ന്യൂട്രി റിച്ചായ ഭക്ഷണങ്ങൾ തിരഞ്ഞെടുത്തു കഴിക്കുന്ന മലയാളികൾക്കായി നമ്മുടെ നാട്ടിൽ തന്നെ പീനട്ട് ബട്ടർ നിർമിച്ച് നൽകാൻ കഴിഞ്ഞാൽ സാധ്യതയുള്ള ഒരു വ്യവസായമാക്കി പീനട്ട് ബട്ടർ നിർമാണം മാറ്റിയെടുക്കാൻ സാധിക്കും. പ്രധാന അസംസ്കൃത വസ്തുവായ നിലക്കടല ധാരാളമായി ലഭ്യമാണ്. സാങ്കേതികവിദ്യയും ലഭ്യമാണ്. കുറഞ്ഞ മുതൽ മുടക്കിൽ ആരംഭിക്കാവുന്ന പീനട്ട് ബട്ടർ നിർമാണം പുതിയ സംരംഭകർക്ക് കൂടുതൽ സഹായകരമാണ്. കാരണം കൂടുതൽ മത്സരം വിപണി നേരിടുന്നില്ല എന്നതു തന്നെ.

## നിർമാണ രീതി

പുറംതോട് നീക്കം ചെയ്ത നിലക്കടല റോസ്റ്റർ ഉപയോഗിച്ച് വറുത്തെടുക്കുന്നു. തുടർന്ന് സ്കിൻ റിമൂവർ ഉപയോഗിച്ച് തൊലി നീക്കം ചെയ്യുന്നു. സ്പ്ലിറ്റിംഗ് യന്ത്രം ഉപയോഗിച്ച് രണ്ടായി പിളർത്തിയെടുക്കും. പിന്നീട് പ്രൈമറി ഗ്രൈൻഡറിൽ അരച്ചെടുക്കും. ഫൈനൽ പേസ്റ്റ് നിർമാണത്തിനായി നാക്കിൽ അലിയുന്ന തരത്തിലുള്ള സോഫ്റ്റ്നസ് ലഭിക്കാൻ സെക്കന്ററി ഗ്രൈൻഡർ ഉപയോഗിച്ച് പേസ്റ്റിനെ വീണ്ടും അരച്ചെടുക്കും. പിന്നീട് നിശ്ചിത അനുപാതത്തിൽ പഞ്ചസാര, ഉപ്പ്, ഓയിൽ എന്നിവ ചേർത്ത് ബ്ലെൻഡ് ചെയ്ത് കണ്ടെയ്നറുകളിൽ നിറയ്ക്കാം. തുടർന്ന് 2 മണിക്കൂർ കൂളറിൽ സൂക്ഷിച്ച് തണുപ്പിക്കും. ഇങ്ങനെ തയ്യാറാക്കുന്ന പീനട്ട് ബട്ടർ ഒരു വർഷം വരെ കേടുകൂടാതെ അന്തരീക്ഷ ഊഷ്മാവിൽ സൂക്ഷിക്കാം.

## സാങ്കേതികവിദ്യ, പരിശീലനം

പീനട്ട് ബട്ടർ നിർമാണത്തിനുള്ള സാങ്കേതികവിദ്യയും പരിശീലനവും കേരളത്തിലെ ആദ്യ കാർഷിക ഭക്ഷ്യ സംസ്കരണ ചെറുകിട വ്യവസായ രംഗത്തെ ഇൻകുബേഷൻ സെന്ററായ പിറവം അഗ്രോപാർക്കിൽ ലഭിക്കും.
ഫോൺ: 0485-2242310

## മൂലധനനിക്ഷേപം

| | |
|---|---|
| 1. റോസ്റ്റർ | 90,000 |
| 2. സ്കിൻ റിമൂവർ | 1,40,000 |
| 3. ഗ്രൈൻഡറുകൾ 2 എണ്ണം | 1,80,000 |
| 4. ബ്ലൻഡൽ | 65,000 |
| 5. പേസ്റ്റ് ഫില്ലിംഗ് യന്ത്രം | 1,20,000 |
| 6. കംപ്രസ്സർ | 40,000 |
| 7. ഇൻഡക്ഷൻ സീലിംഗ് മെഷീൻ | 16,000 |
| 8. അനുബന്ധ ഉപകരണങ്ങൾ | 40,000 |
| 9. പ്രവർത്തന മൂലധനം | 2,00,000 |
| **ആകെ** | **8,91,000** |

## പ്രവർത്തന ചെലവ്

(പ്രതിദിനം 100 കിലോഗ്രാം പീനട്ട് ബട്ടർ നിർമിക്കുന്നതിനുള്ള ചെലവ്)

| | |
|---|---|
| 1. നിലക്കടല 110 കിലോ * 100 | 11,000 |
| 2. തൊഴിലാളികളുടെ വേതനം 400 * 2 | 800 |
| 3. പഞ്ചസാര, ഉപ്പ്, ഓയിൽ | 800 |
| 4. പായ്ക്കിംഗ് ചാർജ് | 2,400 |
| 5. അനുബന്ധ ചെലവ് | 400 |
| **ആകെ** | **15,400** |

## വരവ്

(പ്രതിദിനം 100 കിലോഗ്രാം പീനട്ട് 250 ഗ്രാം കണ്ടെയ്നറുകളിലായി വിൽക്കുമ്പോൾ ലഭിക്കുന്നത്)

| | |
|---|---|
| 1. പീനട്ട് ബട്ടർ | |
| 250 ഗ്രാം എം. ആർ പി. | 125 |
| 2. 30% കമ്മീഷൻ കിഴിച്ചു | |
| ഉല്പാദകന് ലഭിക്കുന്നത് | 87.50 |
| 400 എണ്ണത്തിന് | |
| 400 എണ്ണം * 87.50 | 35,000 |


## ലാഭം

| | |
|---|---|
| വിറ്റുവരവ് | 35,000 |
| ഉല്പാദന ചെലവ് | 15,400 |
| **ലാഭം** | **19,600** |

## ലൈസൻസുകൾ

ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽ നിന്നുള്ള ലൈസൻസ്, ഉദ്യോഗ് ആധാർ, ഗുഡ്സ് സർവീസ് ടാക്സ് രജിസ്ട്രേഷൻ എന്നിവ സംരംഭകൻ നേടിയിരിക്കണം.





Call us at : +91 82 81 193836, +91 95 62 971311
www.selzerpolymers.com
SELZER
WATER TANKS
100 % VIRGIN FOOD GRADE
SELZER
പോലെ പരിശുദ്ധമായ വാട്ടർടാങ്ക് ഉള്ളപ്പോൾ
മറ്റൊന്നിനെക്കുറിച്ച് എന്തിന് ചിന്തിക്കണം




GOOD LUCK Bakery
ഗുഡ്‌ലക്ക് ബേക്കറി
MALIANKARA P.O, AROMA ROAD,
PH: 8943859966,
എല്ലാവിധ ബേക്കറി വിഭവങ്ങളും ലഭിക്കുന്നു.
ഓർഡറുകൾ സ്വീകരിക്കുന്നതാണ

അജിത് കട്ടയ്ക്കാൽ




# 'ബെൻ ഗ്രൂപ്പ്'
# പെൺകരുത്തിന്റെ കൈയ്യൊപ്പ്

2014 -15 സാമ്പത്തിക വർഷത്തിൽ മികച്ച പ്രകടനം കാഴ്ച്ചവച്ച സംസ്ഥാനത്തെ സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭകരെ വ്യവസായ വകുപ്പ് പുരസ്കാരങ്ങൾ സമ്മാനിച്ച് ആദരിച്ചു. ജനുവരി മൂന്നിന് തലസ്ഥാനത്തെ മസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച ചടങ്ങിലാണ് സംരംഭകർക്കുള്ള പുരസ്കാരങ്ങൾ സമ്മാനിക്കപ്പെട്ടത്. സംസ്ഥാന-ജില്ലാ തലത്തിൽ പൊതു വിഭാഗത്തിലെ സംരഭം, വനിതാ സംരംഭം, പിന്നോക്ക വിഭാഗ ശ്രേണിയിൽ ഉൾപ്പെട്ട സംരംഭം എന്നീ വിഭാഗങ്ങങ്ങളിൽ നിന്നും മികവുറ്റ പ്രവർത്തനം കാഴ്ചവച്ച തെരഞ്ഞെടുക്കപ്പെട്ട സംരംഭകർക്കാണ് വ്യവസായ കേരളത്തിന്റെ ആദരവും പുരസ്കാരങ്ങളും സമ്മാനിക്കപ്പെട്ടത്. പൊതു വിഭാഗത്തിലെ മികച്ച സംരംഭകന് ഒരുലക്ഷം രൂപയും പ്രശംസിപത്രവും ഫലകവും, വനിതാ വിഭാഗത്തിനും എസ്. സി/ എസ്. ടി വിഭാഗത്തിന് 50000/ രൂപയും പ്രശസ്തിപത്രവും ഫലകവും കൂടാതെ ജില്ലാതലത്തിൽ ജനറൽ വിഭാഗത്തിൽ 50000/ രൂപയും പ്രശസ്തിപത്രവും ഫലകവും വനിതാ/ എസ്.സി/ എസ്.ടി സംരംഭകർക്ക് 25000/ രൂപയും പ്രശസ്തിപത്രവും ഫലകവും എന്നിങ്ങനെയായിരുന്നു പുരസ്കാരങ്ങൾ. സംസ്ഥാനതലത്തിലും ജില്ലാ തലങ്ങളിലുമായി ആകെ 29 പുരസ്കാരങ്ങളാണ് ചടങ്ങിൽ വിതരണം ചെയ്യപ്പെട്ടത്. വ്യവസായ-കായിക-യുവജനക്ഷേമ മന്ത്രി എ.സി. മൊയ്തീൻ വിവിധ തലങ്ങളിൽ പുരസ ്കാരങ്ങൾക്ക് അർഹമായ സംരംഭകർക്ക് അവാർഡുകൾ സമ്മാനിച്ചു. സംസ്ഥാനതലത്തിൽ പൊതുവിഭാഗത്തിലെ



2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനതലത്തിൽ മികച്ച വനിതാ സംരംഭകയ്ക്കുള്ള അവാർഡിന് അർഹമായത് അടൂർ മണക്കാല ബെൻ ഗ്രൂപ്പാണ്. വനിതാ വിഭാഗ സംരംഭത്തിനായി ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരമായ 50000/ രൂപയും പ്രശസ്തിപത്രവും ഫലകവും വ്യവസായ-കായിക-യുവജനക്ഷേമ മന്ത്രി എ.സി. മൊയ്തീനിൽ നിന്നും ബെൻ ഗ്രൂപ്പ് ഉടമ സാലി അലക ്സാണ്ടർ ഏറ്റുവാങ്ങി. സംസ്ഥാനത്തെ വ്യവസായ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കാനും നടത്തിക്കൊണ്ട് പോകുന്നതിനും കനത്ത പ്രതിബന്ധങ്ങളുണ്ടെന്ന് പറയുന്നവർക്കുള്ള മറുപടിയാണ് ബെൻ ഗ്രൂപ്പും ഇതിൻറെ ഉടമ സാലി അലക്സാണ്ടറും. ഒരു വ്യവസായം വിജയകരമായി നടത്തുന്നതിനുള്ള എല്ലാവിധ ലക്ഷണങ്ങളും അവകാശപ്പെടാൻ യോഗ്യതയുള്ള വനിതാ സംരംഭമാണ് ബെൻ ഗ്രൂപ്പ്. സ്ത്രീശാക്തീകരണം, സ്വയം പര്യാപ്തത, സംരംഭ വിജയം, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിലുള്ള മേന്മ തുടങ്ങി എല്ലാ വിധത്തിലും ഒരു വനിതാ സംരഭത്തെ അതിന്റെ ലക്ഷ്യത്തിലും പൂർണ്ണതയിലും എത്തിക്കാൻ ബെൻ ഗ്രൂപ്പിൻറെ സാരഥിയും ഉടമയുമായ സാലി അലക്സാണ്ടർക്ക് കഴിഞ്ഞുവെന്നതിന്റെ അടിവരയിട്ട് പ്രഖ്യാപിക്കലായിരുന്നു ബെൻ ഗ്രൂപ്പിന് ലഭിച്ച സംസ്ഥാന പുരസ ്കാരം.

മികച്ച സംരംഭകനുള്ള പുരസ്കാരത്തിന് ആലുവയിൽ പ്രവർത്തിക്കുന്ന വജ്ര പ്ലാസ്റ്റിക്സ് അർഹമായി.എസ്.സി/എസ്.ടി സംരംഭക പുരസ്കാരം കോഴിക്കോട് കൊളത്തറ ഹരിജൻ ഹോളോ ബ്രിക്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റിയും ഏറ്റുവാങ്ങി.

പത്തുവർഷം മുൻപ് അടൂർ താലൂക്കിൽ മണക്കാല വാഴവിളയിൽ സാലി അലക ്സാണ്ടറെന്ന യുവതി സമാഹരിച്ച പത്തുലക്ഷം രൂപ മുതൽ മുടക്കിൽ ആരംഭിച്ച ഒരു ചെറിയ വ്യവസായ സംരംഭമായിരുന്നു ബെൻ ഗ്രൂപ്പ്. പത്തുലക്ഷം രൂപ മൂലധനം മാത്രം

കൈമുതലാക്കി സ്ഥാപിക്കപ്പെട്ട സാലി അലക ്സാണ്ടറുടെ ബെൻ ഗ്രൂപ്പിന് ഇന്ന് എട്ടുകോടി രൂപയുടെ ആസ്തിയുണ്ടെന്ന് അറിയുമ്പോൾ ഇതിൽ തെല്ലും അതിശയോക്തി വേണ്ട. കേവലം പത്തുലക്ഷം രൂപയും പത്തുവർഷത്തെ പ്രവർത്തനവും മാത്രമല്ല 2014 –15 സാമ്പത്തിക വർഷത്തിൽ മികച്ച പ്രകടനം കാഴ്ച്ചവച്ച സംസ്ഥാനത്തെ വനിതാ സംരംഭ പുരസ്കാരത്തിന് അർഹമാക്കിയത്. വളർച്ചയുടെ പടവുകൾ ഓരോന്നായി കരുതലോടെ ബെൻ ഗ്രൂപ്പിനെ നയിച്ച സാലി അലക്സാണ്ടറെന്ന യുവതിയുടെ ഭഗീരഥ പ്രയത്നങ്ങളുടെ കഥകൂടിയുണ്ട് ഇതിന് പിന്നിൽ.

സാലി അലക്സാണ്ടറെന്ന യുവതിയുടെയും അവർ നയിക്കുന്ന ബെൻ ഗ്രൂപ്പിൻറെയും പ്രവർത്തന നാൾവഴികുറിപ്പുകൾ ഇപ്രകാരം അടയാളപ്പെടുത്തിയിരിക്കുന്നു.....

പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ മണക്കാല വാഴവിള വീട്ടിൽ സാലി അലക ്സാണ്ടറെന്ന ബി.കോം ബിരുദധാരിയാണ്. ബിരുദത്തിന് പുറമേ എക്സ്–റെ, ഇ.സി.ജി. ടെക്നീഷ്യൻ കോഴ്സ്, കമ്പ്യൂട്ടർ സയൻസ് എന്നിവയിലെല്ലാം വിജയകരമായി പഠനം പൂർത്തിയാക്കി തൊഴിൽ അന്വേഷിക്കുന്നതിനിടെയാണ് സ്വന്തമായൊരു ബിസിനസ് സംരംഭമെന്ന ആശയം മനസ്സിൽ ഉടലെടുത്തത്. വീട്ടുകാരുടെ പൂർണ്ണ പിന്തുണകൂടി ലഭിച്ചതോടെ പത്തുലക്ഷം രൂപ സമാഹരിച്ച് വീടിനോട് ചേർന്ന സ്ഥലത്ത് 2007 മേയ് 11ന് ബെൻ ഗ്രൂപ്പ് എന്നപേരിൽ ഒരു ചെറുകിട സംരംഭം ആരംഭിക്കുകയായിരുന്നു. ആരംഭത്തിൽ മൂന്ന് വനിതാ തൊഴിലാളികളാണ് ബെൻ ഗ്രൂപ്പിൽ ജീവനക്കാരായി ഉണ്ടായിരുന്നത്. ലോഷൻ, വാഷിംഗ് പൌഡർ, സോപ്പ് എന്നീ മൂന്ന് ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിതരണം എന്നിവയിലായിരുന്നു തുടക്കം.

ഏതൊരു സംരംഭത്തിനും തുടക്കത്തിലേ നേരിടേണ്ടി വരുന്ന പ്രതിബന്ധങ്ങൾ ബെൻ ഗ്രൂപ്പിനും അഭിമുഖീകരിക്കേണ്ടിവന്നു. ഉൽപ്പന്നങ്ങൾ



നിർമ്മിച്ച് നേരിട്ട് മാർക്കറ്റിൽ എത്തിക്കുകയെന്നതിനപ്പുറം അവയുടെ വിപണനം ഏറെ ശ്രമകരമായ ഒന്നായിരുന്നു. വാർത്താ മാധ്യമങ്ങളിലും ചാനലുകളിലും ലക്ഷങ്ങൾ ചിലവിട്ട് പ്രശസ്തരായ സിനിമാ നടീനടന്മാരും കായികതാരങ്ങളും സെലിബ്രിറ്റികളും അഭിനയിക്കുന്ന വമ്പൻ ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ലക്ഷങ്ങളും കോടികളും ചിലവിടുന്ന വർണ്ണപരസ്യങ്ങൾ നിറഞ്ഞാടുന്ന കാലം. മനംമയക്കുന്ന പരസ്യങ്ങളിൽ ആകൃഷ്ടരായ തന്ത്രങ്ങൾ നെയ്യുമ്പോൾ പരസ്യങ്ങൾക്ക് പിന്നാലെ പോകാൻ സാലിക്കും ബെൻ ഗ്രൂപ്പിനും ആവതില്ലായിരുന്നു. ഇതര ഉൽപ്പന്നങ്ങളുടെ പരസ്യങ്ങളുടെ കുത്തൊഴുക്കിൽ ബെൻ ഗ്രൂപ്പിന്റെ ഉൽപ്പന്നങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നത് തികച്ചും സ്വാഭാവികം. ഇതിനെ ചെറുക്കാനുള്ള തന്ത്രമായിരുന്നു ഉല്പ്പന്നങ്ങളുടെ ഗുണനിലവാരമേന്മ ഉറപ്പാക്കൽ. ഇതിനായി ബെൻ ഗ്രൂപ്പിൻറെ സ്വന്തം ഉല്പ്പന്നങ്ങളുടെ ഗുണനിലവാരത്തിലുള്ള വിശ്വാസ്യതക്ക് മുൻ



ഉപഭോഗ സംസ്കാരം നിലനിൽക്കുന്ന ഒരു സംസ്ഥാനത്ത് പത്തുലക്ഷം രൂപയും മൂന്ന് ജീവനക്കാരും മൂന്ന് ഉൽപ്പന്നങ്ങളുമായി സാലി അലക്സാണ്ടർ പകച്ചുനിന്ന പത്തു വർഷം മുൻപുള്ള ഒരു ഭൂതകാലം. പക്ഷേ തളർന്ന് തോൽവി സമ്മതിക്കാൻ സാലി ഒരുക്കമായിരുന്നില്ല. സ്വന്തം സംരംഭത്തെ ജീവശ്വാസം നൽകി മുന്നോട്ട് നയിക്കാൻ തന്നെ അവർ തീരുമാനിച്ചു. വൻകിട കമ്പനികൾ മോഹനവാഗ്ദാനങ്ങൾ നിറച്ച പരസ്യങ്ങളിലൂടെ ഉപഭോക്താക്കളെ വലവീശി പിടിക്കാനുള്ള തൂക്കം നൽകാൻ ബെൻ ഗ്രൂപ്പിനെ പ്രതിജ്ഞാബദ്ധമാക്കുകയാണ് സാലി ആദ്യം ചെയ്തത്. ബെൻ ഗ്രൂപ്പ് വിപണിയിൽ എത്തിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഇതര കമ്പനികളുടെ ഉൽപ്പന്നങ്ങൾക്ക് മികച്ചതാവണമെന്ന വാശിയും ലക്ഷ്യവും ക്രമേണ ഇവരെ വിജയപാതയിലേക്ക് നയിച്ചു. ഗുണനിലവാരത്തിലും മേന്മയിലും വിലയിലും ഇതര ഉൽപ്പന്നങ്ങളെക്കാൾ വിപണിയിൽ പ്രചുരപ്രചാരം നേടാൻ ബെൻ ഗ്രൂപ്പിന് കഴിഞ്ഞു. പത്തനംതിട്ടയിലെ ഉപഭോക്താക്കൾ



ബെൻ ഗ്രൂപ്പ് ഉൽപ്പന്നങ്ങൾ തിരിച്ചറിയുകതന്നെ ചെയ്തു. ബെൻ ഗ്രൂപ്പിന്റെ ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ലഭിച്ച സ്വീകാര്യത സാലിക്കും ഒപ്പമുള്ളവർക്കും ധൈര്യവും കരുത്തുമായി. ക്ലീനിംഗ് ഉൽപ്പന്നങ്ങൾക്ക് ലഭിച്ച സ്വീകാര്യത പുതിയ നിരവധി ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കാൻ സാലി അലക്സാണ്ടർക്ക് പിൻബലമായി.
കേവലം മൂന്ന് ഉൽപ്പന്നമെന്ന പരിമിതിയിൽ നിന്നും ബെൻ ഗ്രൂപ്പ് വളർന്നു. ഗെറ്റ് ഔട്ട് (കളർ ലോഷൻ), മിറക്കിൾ( വൈറ്റ് ലോഷൻ), ബെൻ-ഫ്ലോർ വാഷ്, ബെൻ- ക്ലോത്ത് വാഷ്, ബെൻ- കാർ ഷാമ്പൂ, ബെൻ- ടോയ് ലെറ്റ് ക്ലീനർ, അഗർബത്തി തുടങ്ങി പത്തുവർഷത്തിനിടെ 38 ഉൽപ്പന്നങ്ങളാണ് ബെൻ ഗ്രൂപ്പ് നിർമ്മിച്ച് വിപണിയിൽ എത്തിച്ചത്. നിരന്തര പ്രയത്നത്തിൻറെ ഫലമായി ക്രമേണ സാലി അലക്സാണ്ടറും ബെൻ ഗ്രൂപ്പും വളർച്ചയുടെ പാതയിലേക്ക് കടന്നു.
പത്തുവർഷം കൊണ്ട് സംസ്ഥാനത്തെ മികച്ച വനിതാ സംരംഭങ്ങളുടെ പട്ടികയിൽ ഒന്നാമതെത്താൻ ബെൻ ഗ്രൂപ്പിനായി.
വിപണിയിൽ ബെൻ ഗ്രൂപ്പ് ഉൽപ്പന്നങ്ങൾക്ക് പരസ്യത്തിൻറെ പിൻബലം അന്നും ഇന്നുമില്ല. ആകെയുള്ളത് ഗുണനിലവാരത്തിലും മേന്മയിലും ഇവർ നൽകുന്ന ഉറപ്പ് മാത്രം. ചുരുങ്ങിയ കാലത്തിനുള്ളിൽ ബെൻ ഗ്രൂപ്പ് ഉൽപ്പന്നങ്ങളെ കേരളം ഇരുകൈകളും നീട്ടി സ്വീകരിച്ചു.
ഒന്നാമത്തെ വർഷം ഒരുലക്ഷം രൂപ മാത്രം ആകെ വിൽപ്പനയുണ്ടായിരുന്ന ബെൻ ഗ്രൂപ്പിന് 2016-2017 സാമ്പത്തിക വർഷത്തിൽ മൂന്നര കോടി രൂപയുടെ വിൽപ്പനയാണ് നേടിയെടുത്തത്. കേവലം മൂന്നു തൊഴിലാളികളുമായി ആരംഭിച്ച സ്ഥാപനത്തിൽ ഇന്ന് 130 ലധികം തൊഴിലാളികൾക്ക് ജോലി ചെയ്യുന്നുണ്ട്. ഇവരിൽ 90 ശതമാനം പേരും വനിതകളാണ്. ഇതിന് പുറമേ 200ഓളം പേർക്ക് പരോക്ഷമായി ബെൻ ജീവിതമാർഗ്ഗമാണ്.
ബഹുരാഷ്ട്ര കമ്പനികളുടെ സമാന ഉൽപ്പന്നങ്ങളോടോപ്പമോ അവയ്ക്കും ഏറെ മുന്നിലോ സഞ്ചരിക്കാൻ ബെൻ ഗ്രൂപ്പ് ഉൽപ്പന്നങ്ങളെ പ്രാപതമാക്കുന്നത് അവയുടെ ഗുണനിലവാരം മാത്രമാണ്.
ISO 9001-2015, ISO 22000-2005 തുടങ്ങിയ ഗുണമേന്മാ യോഗ്യതാ പത്രങ്ങൾ ബെൻ ഗ്രൂപ്പിന് ലഭിച്ചത് ഇതിന് ഉദാഹരണം.
സപ്ലൈകോ, ത്രിവേണി എന്നീ സർക്കാർ വിതരണ കേന്ദ്രങ്ങളിലൂടെ സംസ്ഥാനത്താകെ ഇപ്പോൾ ബെൻ ഗ്രൂപ്പ് ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തുന്നുണ്ട്. 2017 മുതൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ബെൻ ഗ്രൂപ്പിനെ സെൻട്രൽ ലിസ്റ്റഡ് കമ്പനികളുടെ പട്ടികയിൽ ഉൾപ്പെടുത്തി

ഉത്തരവ് നല്കിയിട്ടുള്ളതാകുന്നു.

വളരുന്ന കമ്പനിക്കൊപ്പം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയിൽ വർധനവ് വരുത്താനും അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും സ്ഥാപനം പ്രത്യേക പരിഗണന നൽകുന്നുണ്ട്.

ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിലും മേന്മയിലും തുടക്കത്തിലേ നൽകിയ ഉറപ്പിൽ നിന്നും അണുവിട വ്യതിചലിക്കാൻ ബെൻ ഗ്രൂപ്പ് ഒരുക്കമല്ലെന്നതും, സ്ഥാപനത്തിലെ ജീവനക്കാർക്ക് അർഹതപ്പെട്ട തൊഴിൽ സംരക്ഷണവും അവകാശങ്ങളും ഉറപ്പാക്കിയുമാണ് ബെൻ ഗ്രൂപ്പ് വളർച്ചയുടെ പടവുകൾ ഓരോന്നായി ചവിട്ടിക്കയറുന്നത്.

പോലീസ് സേനയുടെ കാൻറീനുകൾ വഴിയും താമസിക്കാതെ ബെൻ ഗ്രൂപ്പ് ഉൽപ്പന്നങ്ങൾ വിതരണത്തിന് എത്തും. അതിനുള്ള നടപടിക്രമങ്ങളും പുരോഗമിക്കയാണ്.

വിപണിയിൽ കമ്പനി നേരിട്ട് ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിന് പുറമേ 50ഓളം വിതരണക്കാറും ബെൻ ഗ്രൂപ്പിനുണ്ട്. പ്രതിവർഷം 26 ലക്ഷത്തോളം രൂപയാണ് വിൽപ്പന നികുതി ഇനത്തിൽ ബെൻ ഗ്രൂപ്പ് സർക്കാരിന് നൽകുന്നത്. ഇതിനൊക്കെ പുറമേ 2018ൽ കടൽകടക്കാനുള്ള തയ്യാറെടുപ്പുകളും നടത്തുകയാണ് ബെൻ. വിദേശ രാജ്യങ്ങളുടെ വിപണിയിൽ ബെൻ ഗ്രൂപ്പ് ഉൽപ്പന്നങ്ങൾ വിൽപ്പനക്ക് എത്തിക്കാനുള്ള പ്രാരംഭനടപടി ക്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

പത്തുലക്ഷം രൂപ മുതൽ മുടക്കിൽ പത്തുവർഷം മുൻപ് ആരംഭിച്ച ബെൻ ഗ്രൂപ്പിന് ഇന്ന് എട്ടുകോടി രൂപയിലേറെ ആസ്തിയുണ്ടെന്നുകൂടി അറിയുമ്പോഴാണ് സാലി അലക്സാണ്ടറെന്ന വനിതാ സംരംഭകയുടെയും അവരുടെ ബെൻ ഗ്രൂപ്പെന്ന സ്ഥാപനത്തിൻറെയും വളർച്ചയുടെ ഏകദേശരൂപം മനസിലാക്കാനാവൂ.





## പുരസ്കാര തിളക്കവുമായി

# കൊളത്തറ ഹരിജൻ ഹോളോബ്രിക്സ് സൊസൈറ്റി

2014-15 സാമ്പത്തിക വർഷത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കുള്ള പുരസ്കാരത്തിന് അർഹമായതിന്റെ നിറവിലാണ് കോഴിക്കോട് ജില്ലയിലെ കൊളത്തറ ഹരിജൻ ഹോളോബ്രിക്സ് സൊസൈറ്റി. കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കായി വ്യവസായ വകുപ്പ് ഏർപെടുത്തിയിട്ടുള്ള പുരസ്കാരങ്ങളിൽ 50,000/- രൂപയും പ്രശംസിപത്രവും ഫലകവും സൊസൈറ്റിക്കു വേണ്ടി പ്രസിഡന്റ് പി. കൃഷ്ണൻകുട്ടി വ്യവസായ- കായിക- യുവജനക്ഷേമ മന്ത്രി എ. സി. മൊയ്തീനിൽ നിന്നും ഏറ്റുവാങ്ങി.

തൊഴിൽ രഹിതരായ ഒരു കൂട്ടം പട്ടികജാതിക്കാരുടെ അതിജീവനത്തിന്റെ വിയർപ്പിൽ ചാലിച്ചെഴുതിയതാണ് കൊളത്തറ ഹരിജൻ ഹോളോബ്രിക്സ് സൊസൈറ്റിയുടെ ചരിത്രം. നാളിതുവരെ അഭിമുഖീകരിച്ച നിരവധി പ്രതികൂല സാഹചര്യങ്ങളിൽപോലും സ്വന്തം സ്ഥാപനത്തിന് ജീവശ്വാസം നൽകി കാത്തവരാണ് ഇതിലെ അംഗങ്ങളും ജീവനക്കാരും. ഒപ്പം പ്രവർത്തനം ആരംഭിച്ച നിരവധി സൊസൈറ്റികൾ അകാലത്തിൽ താഴിട്ട് പൂട്ടപ്പെട്ടപ്പോഴും നിലനിൽപിനായും



അതിജീവനത്തിനായും അംഗങ്ങളും ജീവനക്കാരും കണ്ണിലെ കൃഷ്ണമണിപോലെ കാത്ത ചെറുത്തുനിൽപിന്റെ കഥ കൂടി പറയാനുണ്ട് കോഴിക്കോട് ജില്ലയിലെ കൊളത്തറ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കൊളത്തറ ഹരിജൻ ഹോളോബ്രിക്സ് സൊസൈറ്റിക്ക്.

1990 നവംബർ 12 നാണ് കോഴിക്കോട് ജില്ലയിലെ കൊളത്തറ കേന്ദ്രമാക്കി കൊളത്തറ ഹരിജൻ ഹോളോബ്രിക്സ് സൊസൈറ്റി രജിസ്റ്റർ ചെയ്യപ്പെട്ടത്. പ്രദേശത്തെ തൊഴിൽ രഹിതരായ പട്ടികജാതി സമുദായത്തിലെ ആൾക്കാർക്ക് തൊഴിൽ ലഭിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സൊസൈറ്റി സ്ഥാപിക്കപ്പെട്ടത്. ഹോളോ ബ്രിക്കുകളുടെ വ്യാവസായിക നിർമ്മാണം ലക്ഷ്യമിട്ടായിരുന്നു സൊസൈറ്റിയുടെ പിറവി.

സൊസൈറ്റി സ്ഥാപിക്കുന്നതിനായി സർക്കാർ ധനസഹായത്തോടെ 45 സെന്റ് സ്ഥലം വാങ്ങുകയും അതിൽ വർക്ക്ഷെഡ്, ഓഫീസ് റൂം, സിമെന്റ് ഗോഡൗൺ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുകയുമായിരുന്നു പ്രാരംഭ പ്രവർത്തനം. 1994 മേയ് ഒമ്പതിന് സൊസൈറ്റി വ്യാവസായികാടിസ്ഥാനത്തിൽ ഹൈഡ്രോളിക്ക് മെഷീന്റെ സഹായത്തോടെ സിമന്റ് ഹോളോ ബ്രിക്കുകളുടെ നിർമാണം ആരംഭിച്ചു. 12 തൊഴിലാളികളും സംസ്ഥാന സർക്കാർ ഉൾപെടെ 31 അംഗ ഭരണസമിതിയുമായിട്ടായിരുന്നു സൊസൈറ്റി പ്രാരംഭ പ്രവർത്തനങ്ങളുടെ ഹരിശ്രീ കുറിച്ചത്. ചെറുവണ്ണൂർ, നല്ലളം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളായിരുന്നു സൊസൈറ്റിയുടെ പ്രവർത്തനമേഖല. സർക്കാരിന്റെ ഭാഗത്തു നിന്നും ലഭിച്ച സഹകരണങ്ങളും പിന്തുണയും സൊസൈറ്റിയുടെ വളർച്ചയ്ക്ക് ഏറെ സഹായകമായി. 1995 ൽ സൊസൈറ്റിയുടെ ഭൂമിയോട് ചേർന്ന 8.89 സെന്റ് സ്ഥലം കൂടി





വാങ്ങി അവിടെ സിമന്റ് ഗ്രിൽ, കോൺക്രീറ്റ് പാരപ്പെറ്റ് ഡിസൈൻസ് എന്നിവയുടെ നിർമാണം കൂടി ആരംഭിച്ചു.

ഹോളോബ്രിക്സ്, സിമന്റ് ഗ്രിൽ, കോൺക്രീറ്റ് പാരപ്പെറ്റ് ഡിസൈൻസ് എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിച്ചതിനൊപ്പം ഇന്റർലോക്ക് വാതിലുകൾക്കും ജനാലകൾക്കുമായി കോൺക്രീറ്റ് ഫ്രെയിമുകൾ എന്നിവ നിർമിക്കാനും സൊസൈറ്റി തീരുമാനിച്ചു. ഇതോടെ കൊളത്തറ ഹരിജൻ ഹോളോബ്രിക്സ് സൊസൈറ്റിയുടെ വളർച്ചയുടെ ഗ്രാഫ് മേലേയ്ക്ക് ഉയർന്നു. 18 തൊഴിലാളികളുടെ നേരിട്ടുള്ള ഉപജീവനമാർഗമാണ് ഇന്ന് കൊളത്തറ ഹരിജൻ ഹോളോബ്രിക്സ് സൊസൈറ്റി. 41 അംഗങ്ങളുടെ പിൻബലവും സൊസൈറ്റിക്ക് കരുത്തായുണ്ട്.

2015-16 സാമ്പത്തിക വർഷത്തിൽ 1.42 കോടി രൂപയുടെ വിറ്റുവരവാണ് കമ്പനി നേടിയെടുത്തത്. അതേസമയം നോട്ട് നിരോധനവും ജി. എസ്. ടി യും ഇതര സംരംഭങ്ങളെ പോലെ കൊളത്തറ ഹരിജൻ ഹോളോബ്രിക്സ് സൊസൈറ്റിയെയും പ്രതിരോധത്തിലാക്കി. എന്നാൽ വിപണിയിൽ തന്ത്രപരമായ ഇടപെടലുകൾ നടത്തി ഇവർ പ്രതിസന്ധികളെ തരണം ചെയ്യുക തന്നെ ചെയ്തു. ചെറുവണ്ണൂർ, നല്ലളം പ്രദേശത്തെയും സമീപ മേഖലയിലെയും നിർമാണ മേഖലയിൽ തങ്ങളുടേതായ സംരംഭത്തിന്റെ കൈയ്യൊപ്പ് ചാർത്താൻ കൊളത്തറ ഹരിജൻ ഹോളോബ്രിക്സ് സൊസൈറ്റിക്ക് കഴിഞ്ഞിട്ടുണ്ട്.

പ്രവർത്തന മേഖലയിലെ ഇത്തരം ശ്രദ്ധേയമായ ഇടപെടലുകളും സ്തുത്യർഹമായ ഉത്പാദന വിതരണ ശൃംഖലയും ഗുണമേന്മയുമാണ് കൊളത്തറ ഹരിജൻ ഹോളോബ്രിക്സ് സൊസൈറ്റിയെ 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭകർക്കായി വ്യവസായ വകുപ്പ് ഏർപെടുത്തിയിട്ടുള്ള പുരസ്കാരത്തിന്





അർഹമാക്കിയത്. ഇടനിലക്കാരെ ഒഴിവാക്കി ആവശ്യക്കാരുടെ കൈകളിൽ ഉല്പന്നങ്ങൾ നേരിട്ട് എത്തിക്കുന്നതിലൂടെ ഉത്പാദകനും ഉപഭോക്താവിനും ചെറുതല്ലാത്ത തുക ലാഭിക്കാൻ കഴിയുമെന്ന പ്രത്യേകതയും കൊളത്തറ ഹരിജൻ ഹോളോ ബ്രിക്സ് സൊസൈറ്റി ഉല്പന്നങ്ങൾക്ക് അവകാശപ്പെടാനുണ്ട്. ഇതിന് പുറമെ ആവശ്യക്കാരിൽ നിന്നും മുൻകൂർ





ഓർഡർ സ്വീകരിച്ച് ഉല്പന്നങ്ങൾ നിർമിച്ച് നൽകുന്നതിലൂടെയും സംരംഭത്തിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ ഇതിന്റെ അണിയറ പ്രവർത്തകർക്ക് കഴിഞ്ഞിട്ടുണ്ട്. വേറിട്ട സംരംഭക മിക് പരിഗണിച്ച് കൊളത്തറ ഹരിജൻ ഹോളോബ്രിക്സ് സൊസൈറ്റിക്ക് പുരസ്കാര ദാനത്തിലൂടെ സംസ്ഥാന സർക്കാർ സമ്മാനിച്ച പേരും പെരുമയും നിലനിർത്തി സൊസൈറ്റിയെ മികവിന്റെ മാതൃകയാക്കാനുള്ള ശ്രമങ്ങളിലാണ് ഇതിന്റെ ജീവനക്കാരും ഭരണസമിതിയും.

## കൃഷിയും വ്യവസായവും

ഡോ. ഷൈൻകുമാർ





ആട് അറിയുമോ അങ്ങാടി വാണിഭം എന്നാണ് ചൊല്ലെങ്കിൽ നാടറിയേണ്ട ആട് വ്യാപാരമാണ് ഇന്ന് വിപണിയിൽ നടക്കുന്നത്. പാവപ്പെട്ടവന്റെ പശു എന്നാണ് ബാപ്പുജി ആടുകളെ വിശേഷിപ്പിച്ചതെങ്കിൽ പുതുതലമുറ പാവപ്പെട്ടവന്റെ എ. റ്റി. എം. എന്നാക്കി. ആ ചൊല്ല് പുതുക്കിയിരിക്കുന്നു. സ്വർണ്ണപണ്ടം പോലെ എപ്പോൾ വേണമെങ്കിലും വിറ്റ് കാശാക്കാവുന്ന സമ്പത്തായി ആടുകൾ മാറിക്കഴിഞ്ഞു. കണ്ടു പരിചയിച്ച മലബാറി ആടുകളോടൊപ്പം പുതുതാരങ്ങളായ ആടു രാജാക്കന്മാർ കേരളത്തിലെത്തിയതോടെ ആട് പരിപാലനം ആദായ ഉത്സവമായി മാറുകയാണ്. മറുനാട്ടിൽ നിന്നും കേരളത്തിലെത്തിയ ആട് വമ്പന്മാരെ പരിചയപ്പെടാം.

## ജമുനാ പ്യാരി– ഇന്ത്യൻ ഭീമൻ

യമുനാ നദിയുടെ തീരത്തെ ജനനമാണ് ഇവരെ പ്രശസ്തരാക്കിയത്. മുഖത്തെ കുഞ്ചിരോമവും ബുജികളെപ്പോലെ ചെറിയ താടിയും, പതിഞ്ഞ മൂക്കുമൊക്കെ ഇവരെ താരമാക്കുന്നു. പരിഞ്ഞ് എസ്. ആകൃതിയിലുള്ള ചെറുകൊമ്പുകൾ മറ്റൊരു അഴകാണ്. ഇലയപ്പം പോലെ മടങ്ങിയൊതുങ്ങി താഴോട്ട് തൂങ്ങുന്ന ചെവികളുണ്ട്. മുടിയിഴ







പോലെ തുടയിലഴകായി വെൺകൂന്തൽ സമൃദ്ധി. പോരേ പൂരം.

## ബീറ്റലിന്റെ കുതിരയഴക്

പഞ്ചാബി ആടാണ് ബീറ്റൽ. ആടുകളിലെ ആണൊരുത്തൻ. എണ്ണക്കറുപ്പിന്റെ ഏഴഴകും ബിസ്ക്കറ്റ് നിറവുമൊക്കെ പതിവ്. ഹൈദരാബാദിൽ നിന്നും പാകിസ്ഥാനിൽ നിന്നും ബീറ്റലുകൾ എത്തുന്നുണ്ട്. ചെറുകൊമ്പുകളും മുകളിലേയ്ക്ക് ചുരുണ്ട വാലും താമരയിതൾ പോലെ തൂങ്ങുന്ന ചെവികളുമായി നിൽക്കുന്ന ബീറ്റൽ പൂർണ വളർച്ചയിൽ 120 കിലോ എത്തും.

## പുലിമുരുകനായി തോത്താപുരി

രാജസ്ഥാനിലെ ആൽവാർ ജില്ലയിൽ നിന്നെത്തിയ തോത്താപ്പുരി ദൈവിക പരിവേഷമുള്ള ആടുകളാണ്. ഇരട്ട വർണമുള്ള ഇവനെ വിവാഹത്തിന് സ്ത്രീധനമായി വരെ നൽകുന്നുണ്ട്. ചെമ്പൻ തവിടിന്റെ നിറം കഴുത്തിൽ പടർന്ന് ശുഭ്രശോഭയുള്ള മേനിയുമായി നിൽക്കുന്ന തോത്താപ്പുരിക്ക് ഒരു പുലിയഴക് തന്നെ പീലിലോഡി എന്ന വകഭേദം







കൂടി ഇവരിലുണ്ട്. വെണ്മയുടെ പൊലിമയാണ് പീലിലോഡിയുടെ ആകർഷണം.

## മരുവിലെ മല്ലൻ സിരോഹി

രാജസ്ഥാനിലെ മരുഭൂമിയായ സിരോഹിയിൽ നിന്നെത്തിയവരെങ്കിലും കടുംതവിട്ടിൽ സ്വർണപുള്ളികൾ വാരിയെറിഞ്ഞ ആ മേനിഭംഗി ആരും ആസ്വദിക്കും. മരുഭൂമിയിൽ പിറന്നതുകൊണ്ട് കൊടുംശൈത്യവും കടുത്ത ഉഷ്ണവും ഇവർ അതിജീവിക്കും. പൂർണ വളർച്ചയിൽ 140 കിലോയോളം തൂക്കം വരും.

## ചെണ്ടത്തോലിന്റെ കരോളി

ചെണ്ടത്തോലിന് ഉപയോഗിക്കുന്ന ചർമ്മം കരോളി ആടുകളുടേതാണ്. മുഖത്തും ചെവിപ്പുറത്തും സ്വർണവർണം കൊണ്ട് സമാന്തരരേഖ ചമക്കുന്ന കരോളിസദാ ചലനപ്രിയർ തന്നെ. ഇറച്ചിക്കും, പാലിനും കരോളി ആടുകളെ ഉപയോഗിക്കുന്നു. നാടോടികളുടെ സ്വന്തം ആടാണ് കരോളി.

## സൂർത്തി

അപൂർവങ്ങളിലൊന്നാണ് സൂർത്തി ആടുകൾ. ഗുജറാത്തിലെ സൂററ്റിൽ നിന്നെത്തിയവർ. ഉരുണ്ട കുഞ്ഞൻ ചെവികളും, വിരൽഞെട്ട് പോലെയുള്ള കൊമ്പുകളുമായി നിൽക്കുന്ന സൂർത്തിയെ ആരും ഒന്നെടുത്ത് ഓമനിച്ചു പോകും.

## ബോയർ– ആദിവാസികളുടെ പ്രിയർ

ആഫ്രിക്കൻ ആദിവാസികളുടെ ഓമനകളായ ബോയർ ആടുകളിലെ ലോകഭീമന്മാരാണ്. കഴുത്തിലെ തവിട്ട് നിമുള്ള ഷാൾ തന്നെ ബോയറിന്റെ പ്രത്യേകത. തിളങ്ങുന്ന അഴകുണ്ടതിന്. പൂർണ വളർച്ചയിൽ 160 കിലോ കടക്കുന്ന ബോയർ ഇറച്ചി ആടാണ്.

## മാൻപേടകൾ ബാർബാറികൾ

കലമാനിനെപ്പോലെ സൗന്ദര്യം വാരി വിതറിയ അഴകുമായി നിൽക്കുന്ന ആട് ഗന്ധർവൻമാരാണ് ബാർബാറികൾ. മുന്നിലേയ്ക്ക് തള്ളിയ ചെവികളും പിന്നിലേയ്ക്ക് തുഴയുന്ന കൊമ്പുകളുമായി അവർ ആരെയും മാടിവിളിക്കും. ഹൈലിറൊമാന്റിക് ആയി ഒരു മരം ചുറ്റിപ്രേമത്തിന് എപ്പോഴും തയ്യാർ.

## സോജത്ത് എന്ന പെരുന്നാൾ ആടുകൾ

അറേബ്യൻ നാടുകളിൽ വലിയ പെരുന്നാൾ സ്പെഷ്യൽ ആടുകളാണ് സോജത്ത്. ശുഭ്രശോഭയുടെ ഗരിമയുള്ള ഇവർ ജമുനാപ്യാരിയുടെ പാരമ്പര്യമുള്ളവരത്രെ. ഇറച്ചി വിപണിയിൽ സോജത്തിനെ വെല്ലാൻ മറ്റൊരാടില്ല. പെരുന്നാൾ മട്ടൻ വിഭവങ്ങളിൽ രുചിയുടെ ഉത്സവങ്ങൾ തീർക്കുന്നവരാണിവർ.

## ശ്യാമസുന്ദരന്മാർ മാർവാരികൾ

വടക്കൻ രാജസ്ഥാനിലെ ബാർമർ, ജയ്സാൽമീർ, ബിക്കാനീർ എന്നിവിടങ്ങളിൽ നിന്നെത്തിയവരാണ് മാർവാരി ആടുകൾ. ഇറച്ചിയോടൊപ്പം പാൽപ്പെരുമയും ഇവർക്കുണ്ട്. മാർവാരികളുടെ രോമം കമ്പിളി പുതപ്പിനും, കാർ സീറ്റിനുമൊക്കെ ഉപയോഗിക്കുന്നുമുണ്ട്.

## പർബത്സാരി– ആടുകളിലെ സുനന്ദിനിമാർ

ആട് കുലത്തിൽ പാലാഴി തീർക്കാൻ വരുന്നവരാണ് പർബത്സാരികൾ. നാഴൂരി പാൽ തരുന്ന ആടുകളെയെല്ലാം പിന്നിലാക്കി 3 മുതൽ 4 ലിറ്റർ വരെ എന്ന കറവയിലേയ്ക്ക് പർബത്സാരിക കുതിച്ചെത്തുന്നു. ഇലത്തീറ്റകളായ ഇലഞ്ഞി, പ്ലാവില എന്നിവ മാത്രമേ വേണ്ടൂ തീറ്റയായി. കുറഞ്ഞ തീറ്റയിൽ കൂടുതൽ പ്രകടനം കാഴ്ച വയ്ക്കുന്ന പർബത്സാരിക്ക് ആരാധകർ ഏറെയുണ്ട്.

## ചെമ്മരിയാടുകൾ– കമ്പിളി പുതപ്പുകൾ

ആടഴക് കണ്ട് കണ്ണു മടുത്തവർക്കായി ചെമ്മരിയാടുകളുടെ സൗന്ദര്യവും കമ്പിളി പുതച്ച മേനിയഴകുള്ള ചെമ്മരിക്കാണ് ഇപ്പോൾ ഡിമാന്റ് ഏറെ. വെള്ള ചെമ്മരി അറബികളുടെ നാട്ടിൽ നിന്നെത്തിയവരാണ്. കാശ്മീരി ആടുകളായ കറുത്ത ചെമ്മരിയും കമ്പിളി പുതപ്പിന്റെ സ്വന്തം ആടുകളാണ്. അഞ്ചക്ക സംഖ്യകളിലാണ് ചെമ്മരിയുടെ വില തുടങ്ങുന്നത് തന്നെ.

## ജൂഡി വന്നത് ആടിടയനാകാൻ

എടത്വാ പച്ചയിൽ വെൺമേലിൽ വീട്ടിൽ വന്നാൽ മറുനാടൻ ആടുകളുടെ ചിണുക്കം കാണാം. ആർവാറിലും, ജയ്സാൽമീറിലും, ആഗ്രയിലും, കാശ്മീരിലുമൊക്കെ പിറന്ന് നാട് കടന്നു വരുന്ന ആടുകളുടെ പ്രകൃതിയും





പ്രകൃതവുമൊക്കെ തൊട്ടറിയാൻ ഏവർക്കും അവസരമുണ്ട്. ഫർണിച്ചർ വ്യാപാരംഗത്ത് നിന്നും ജൂഡിയെ ആടുകളുടെ ഇടയനാക്കി മാറ്റിയത് കുഞ്ഞിലേയുള്ള ആട് കമ്പം തന്നെ. എല്ലാ മാസവും ജൂഡിയുടെ യാത്ര മറുനാട്ടിലെ ആടു സങ്കേതങ്ങളിലേയ്ക്ക് തന്നെ. ഒരു മാസത്തോളം ചുറ്റിത്തിരിഞ്ഞ് മറുനാടൻ ഊരുകളിലെത്തി വ്യത്യസ്തരായ ആടുകളെ ശേഖരിക്കുകയാണ് പതിവ് രീതി. ശേഖരിച്ച ആടുകളുടെ വലിയ കൂട്ടവുമായി മാസാന്ത്യത്തിൽ നാട്ടിലേയ്ക്ക്.

തീറ്റയിൽ നല്ല ശ്രദ്ധ വേണം. ആട് തീറ്റയ്ക്കായി ജൂഡിയുടേതായി ഒരു കൂട്ടുണ്ട്. പരുത്തി പിണ്ണാക്ക്, ചോളപ്പൊടി, കടലപ്പിണ്ണാക്ക്, മുളപ്പിച്ച കടല, മുളപ്പിച്ച പയർ, യീസ്റ്റ്, കാൽസ്യം വൈറ്റമിൻ ടോണിക്കുകൾ എന്നിവയാണ് അതിലെ മിശ്രിതം. കുഞ്ഞിലെ തന്നെ ടെറ്റനസിനും, മൂന്നാം മാസവും, ആറാം മാസവും പ്ലൂറോ ന്യുമോണിയയ്ക്കും പ്രതിരോധ കുത്തിവയ്പും നൽകും.

ആടുകളെ വിൽക്കുന്ന പതിവ് ഫാംരീതി ജൂഡിക്കില്ല. പ്രജനന ആവശ്യങ്ങൾക്കാണ് ആടുകളെ കൂടുതലും ഉപയോഗിക്കുക. മികച്ച മുട്ടനാടുകളിൽ നിന്ന് മെച്ചപ്പെട്ട കുട്ടികൾ എന്നതാണ് ജൂഡിയുടെ രീതി. അടുത്ത രക്തബന്ധമുള്ള ആടുകളെ ഇണ ചേർക്കുകയേയില്ല. ചൈതന്യമുള്ള ആട്ടിൻകുട്ടികളെ ആടുപ്രേമികൾക്ക് നൽകും. അതൊരു നിലയ്ക്കാത്ത വരുമാനമാണ്. ആടുകൾക്കായുള്ള അലച്ചിൽ ഇനിയും നിർത്തിയിട്ടില്ല. കടലിനക്കരെയാണ് ഇപ്പോൾ കണ്ണ്. ഇതെഴുതുമ്പോഴും ആഫ്രിക്കയിലേയ്ക്ക് പോകാനുള്ള തയ്യാറെടുപ്പിലായിരുന്നു ജൂഡി. സെന്റ് മേരീസ് എന്ന എടത്വായിലെ ആട് ഫാമിനെ രാജ്യാന്തര തലത്തിൽ പ്രശസ്തമാക്കാനുള്ള തയ്യാറെടുപ്പിലാണ് ഈ നാല്പത്തിരണ്ടുകാരൻ.

**ഫോൺ: 9746558494**
**dr.dshinekumar@gmail.com**

# കണ്ണൂരിൽ മുളയുൽപന്ന വ്യവസായ ക്ലസ്റ്റർ ആരംഭിക്കും

കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകാവുന്നതും, ചുരുങ്ങിയ വൈദ്യുതി തോതിൽ പ്രാദേശികമായി ലഭ്യമായ അസംസ്കൃത വസ്തുക്കളുപയോഗിച്ച് ലളിതമായ സാങ്കേതികവിദ്യയിൽ പ്രകൃതി സൗഹൃദവും വളരെയധികം ആവശ്യക്കാരുള്ളതുമായ മുള അടിസ്ഥാന ഉൽപന്നങ്ങൾ നിർമിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങളുടെ ക്ലസ്റ്റർ കണ്ണൂരിൽ ആരംഭിക്കാൻ ജില്ലാ വ്യവസായകേന്ദ്രം രണ്ടു ദിവസമായി നടത്തി വരുന്ന സാങ്കേതിക ക്ലിനിക്കിൽ തീരുമാനമായി.



സംസ്ഥാന സർക്കാരിന്റെ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് 2017 വ്യവസായ നയത്തിന്റേ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട നാനോ ഹൗസ് ഹോൾഡ് സംരംഭ പദ്ധതിയുടെ സഹായവും ഇത്തരം സംരംഭങ്ങൾക്ക് ലഭ്യമാകും. കൂടാതെ ഈ ക്ലസ്റ്ററിന് വേണ്ട പൊതു സൗകര്യകേന്ദ്രത്തിന് മുഖ്യ മൂലധന സഹായം കേന്ദ്ര സർക്കാരിന്റെ വ്യവസായ ക്ലസ്റ്റർ വികസന പദ്ധതിയുടെ ഭാഗമായി ലഭ്യമാകും.

ഏതു സ്ഥലത്തും, ഏതു കാലാവസ്ഥയിലും യാതൊരു പരിചരണവുമില്ലാതെ വളരുന്ന മുള



ജില്ലയിലെ തരിശ് പ്രദേശങ്ങളിൽ നട്ടു വളർത്താൻ കേരള വന ഗവേഷണകേന്ദ്രം, പീച്ചി തയ്യാറാണെന്ന് രജിസ്ട്രാർ ഡോ. കെ. ദാമോദരൻ വാഗ്ദാനം ചെയ്തു. മൂന്നു വർഷം കൊണ്ട് ഇത്തരം മുളകൾ വെട്ടിയെടുത്ത് ഉൽപന്നമാക്കാൻ സാധിക്കും.

ടെക്നോളജി ക്ലിനിക്കിൽ പങ്കെടുത്തവരിൽ നിന്നും ക്ലസ്റ്റർ രൂപീകരണത്തിന് താല്പര്യമുള്ളവരുടെ ഗ്രൂപ്പിന് തുടക്കമിട്ടു. സർക്കാരിലേയ്ക്ക് ഇത് സംബന്ധിച്ച് റിപ്പോർട്ട് ഉടനെ സമർപിക്കുമെന്ന് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ അറിയിച്ചു.

ദ്വിദിന സാങ്കേതിക ക്ലിനിക്കിന്റെ ഭാഗമായി താഴെപറയും പ്രകാരം വിഷയങ്ങളിൽ സാങ്കേതിക വിദഗ്ധർ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും വിവിധ സാങ്കേതിക വിദ്യകൾ ക്ലിനിക് അംഗങ്ങൾക്ക് പകർന്ന് നൽകുകയും ചെയ്തു.

ഭക്ഷ്യ സംസ്കരണം, പാക്കേജിംഗ് സാങ്കേതിക വിദ്യകളും, അനുയോജ്യ മെഷിനറികളും എന്ന വിഷയത്തെക്കുറിച്ച് പ്രൊഫസർ സി. എസ്. പുരുഷോത്തമൻ, സ്കൂൾ ഓഫ് പാക്കേജിംഗ് ഡയറക്ടർ (റിട്ട), ബോംബെ, വുഡ് സയൻസ് & ടെക്നോളജി, ബാംബൂ ഫോർ ലിവ്‌ലിഹുഡ്-നെ കുറിച്ച് ഡോ. ടി. കെ. ദാമോദരൻ, രജിസ്ട്രാർ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി, തെങ്ങിൽ നിന്നുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങളും, മര അവശിഷ്ടങ്ങളിൽ നിന്നുള്ള പുതു ഉല്പന്നങ്ങളും എന്ന വിഷയത്തെക്കുറിച്ച് ഡോ. ഇ. വി. അനൂപ്, പ്രൊഫസർ & ഹെഡ് ഓഫ് വുഡ് സയൻസ് ഡിപ്പാർട്ട്മെന്റ്, കേരള കാർഷിക സർവകലാശാല, മണ്ണുത്തി, മാട്ടിറച്ചി, കോഴി ഇറച്ചി, പാൽ ഉല്പന്നങ്ങൾ- ഡോക്ടർ സി. വി. മോഹനൻ, മുൻ എം. ഡി മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ, കൊച്ചി എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു.

തുടർന്ന് നടന്ന ആസൂത്രണ യോഗത്തിൽ വച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കാനുള്ള പരിപാടികൾക്ക് രൂപം നൽകി.

ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ കെ. ടി. അബ്ദുൾ മജീദ് അദ്ധ്യക്ഷത വഹിച്ചു. സോമിൽ ഓണേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ജോസ് കുമാർ, മലബാർ ഫർണിച്ചർ ക്ലസ്റ്റർ ചെയർമാൻ എ. അബ്ദുൾ കരീം, ജില്ലാ വ്യവസായകേന്ദ്രം മാനേജർമാരായ സി. രമേശൻ, കെ. എൻ. പീതാംബരൻ, അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർമാരായ നിധിൻ, ശിവശങ്കരൻ, സുകുമാരൻ, ഡപ്യൂട്ടി രജിസ്ട്രാർ (ഇൻചാർജ്ജ്) സന്തോഷ് എന്നിവർ സംസാരിച്ചു.

# പുതുസംരംഭകർക്ക് മികച്ച അവസരങ്ങൾ

പുതുസംരംഭകർക്ക് മികച്ച അവസരങ്ങളുള്ള ഒരു സമയമാണ് ഇതെന്നും, ലഘു സംരംഭങ്ങൾക്ക് നല്ല നിലയിൽ വളർന്നു വരാനുള്ള അവസരങ്ങളുണ്ടെന്നും തൃശൂർ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഡോ. കെ. എസ്. കൃപകുമാർ പ്രസ്ഥാവിച്ചു. 10 ദിവസം നീണ്ടുനിൽക്കുന്ന ജനറൽ ഇ. ഡി. പി. ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.




ഉദ്ഘാടന സമ്മേളനത്തിൽ മാനേജർ എസ്. സജി അദ്ധ്യക്ഷനായി. അസി. ഡയറക്ടർ ആർ. സ്മിത, അസി. ജില്ലാ വ്യവസായ ഓഫീസർമാരായ ലിനോ ജോർജ്, കെ. രാജൻ, ജി. പ്രണാബ് എന്നിവർ പ്രസംഗിച്ചു. യോഗത്തിന് മാനേജർ ടി. എസ്. ചന്ദ്രൻ സ്വാഗതവും, ഐ. ഇ. ഒ ഉണ്ണികൃഷ്ണൻ നന്ദിയും പറഞ്ഞു.

*With Best Compliments*

A1 Pappadam


Venpakal, Neyyattinkara

Prop: Shibu - 6946310910

# കൊല്ലം ടി. കെ. എം. ആർട്സ് & സയൻസ് കോളേജിൽ സംരംഭകത്വ ബോധവത്കരണ പരിപാടി



കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും കൊല്ലം താലൂക്ക് വ്യവസായ ഓഫീസിന്റെയും ആഭിമുഖ്യത്തിൽ കൊല്ലം ടി. കെ. എം ആർട്സ് & സയൻസ് കോളേജിൽ സംരംഭകത്വ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. ഹാഷിമുദ്ദീൻ എ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് വ്യവസായകേന്ദ്രം മാനേജർ കെ. എസ്. ശിവകുമാർ ഉദ്ഘാടനം ചെയ്തു. കൊല്ലം താലൂക്ക് വ്യവസായ ഓഫീസർ യമുനാ രാഘവൻ, കൊമേഴ്സ് വിഭാഗം പ്രൊഫ. റുക്സാന സുൽത്താന, അസിസ്റ്റന്റ് പ്രൊഫ. ഷെഹിനാസ്. എസ്. ആർ, മുഖത്തല ബ്ലോക്ക് വ്യവസായ വികസന ഓഫീസർ ജോൺ മാത്യു എന്നിവർ പ്രഭാഷണം നടത്തി. തുടർന്ന് നടത്തിയ സംരംഭകത്വ ബോധവത്കരണ ക്ലാസ് സന്തോഷ് ഭാസ്കർ നയിച്ചു.




# ചങ്ങനാശ്ശേരിയിൽ
# സ്വയം തൊഴിൽ ശില്പശാല



ചങ്ങനാശ്ശേരി താലൂക്കിലെ തൊഴിൽ രഹിതർക്കായി ഠൗൺ എംപ്ലോയ്മെന്റിന്റെ ആഭിമുഖ്യത്തി ൽ സ്വയംതൊഴിൽ ശില്പശാല നടത്തി. കോട്ടയം സ്പെഷ്യൽ എംപ്ലോയ്മെന്റ് ഓഫീസർ ശബരീനാഥ് ശില്പശാല ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി എപ്ലോയ്മെന്റ് ഓഫീസർ അജിത്ത് അദ്ധ്യക്ഷനായി. ളാലം ബ്ലോക്ക് വ്യവസായ വികസന ഓഫീസർ ലോറൻസ് മാത്യു വ്യത്യസ്തമായ സർക്കാർ സ്വയം തൊഴിൽ പദ്ധതികളെക്കുറിച്ചും എങ്ങനെ ഒരു ബിസിനസ്സ് സംരംഭം വിജയകരമായി നടത്തുവാൻ കഴിയുമെന്നതിനെക്കുറിച്ചും സംസാരിച്ചു. എംപ്ലോയ്മെന്റ് വഴി നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതികളെക്കുറിച്ച് കോട്ടയം സ്പെഷ്യൽ എംപ്ലോയ്മെന്റ് ഓഫീസർ ശബരീനാഥ് ക്ലാസ് നയിച്ചു.

കറിപ്പൊടികൾ, ധാന്യപൊടികൾ, കൊണ്ടാട്ടം, അച്ചാർ, മധുരപലഹാരങ്ങൾ എന്നിവയ്ക്ക്...



ഗണേഷ് സ്റ്റോർസ്

പടിഞ്ഞാറെ നട, ഗുരുവായൂർ- 680101

ഫോൺ: ഷോപ്പ്- 04872556249, മൊബൈൽ: 9446331524

Email : gvrganesh_gs@rediffmail.com

# സംരംഭകർക്ക് പ്രോത്സാഹനവുമായി മീറ്റപ്പ് കേരള

സംരംഭകരെയും ബിസിനസുകാരെയും പ്രൊഫഷണലുകളെയും ഒരു വേദിയിൽ അണിനിരത്തുക എന്ന ഉദ്ദേശ്യത്തോടെ 2017 നവംബറിൽ തിരുവനന്തപുരം കേന്ദ്രമാക്കി ആരംഭിച്ച എൺട്രപ്രണുവേഴ്സ് കമ്മ്യൂണിറ്റിയാണ് മീറ്റപ്പ് കേരള. സംരംഭകർക്കാവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനൊപ്പം സംരംഭകരെ പൊതുസമൂഹത്തിന്റെ മുന്നിൽ പരിചയപ്പെടുത്താനും അവരുടെ ഉത്പന്നങ്ങളും സേവനങ്ങളും വിപണിയിലെത്തിക്കാനും മീറ്റപ്പ് കേരള വേദിയൊരുക്കുന്നു. അതോടൊപ്പം സംരംഭക രംഗത്തേയ്ക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ പരിശീലന ക്ലാസ്സുകളും മീറ്റപ്പ് കേരളയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു. വിദഗ്ധരായ നിരവധി സംരംഭക പരിശീലകരും വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരും പ്രമുഖരായ ബിസിനസുകാരും ഉൾപ്പെടെ നിരവധിപേർ ഇതിനോടകം മീറ്റപ്പ് കേരളയുടെ വിവിധ വേദികളിൽ സംരംഭക മേഖലയിലേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവർക്കു വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകാനും അവരവരുടെ ബിസിനസ് അനുഭവങ്ങൾ പങ്കുവയ്ക്കാനും എത്തിയിട്ടുണ്ട്. ഡിസംബറിൽ തിരുവനന്തപുരത്ത് ടെക്നോപാർക്ക് ബിസിനസ് ഇൻകുബേറ്റർ സ്ഥാപക ഡയറക്ടർ




ഡോ. കെ. സി. ചന്ദ്രശേഖരൻ നായർ നേതൃത്വം നൽകിയ സ്റ്റാർട്ടപ്പ് ക്ലിനിക്കും ജനുവരിയിൽ തൃശൂർ ജില്ലാ വ്യവസായകേന്ദ്രം മാനേജർ ടി. എസ്. ചന്ദ്രന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തും കോഴിക്കോടും ഫെബ്രുവരിയിൽ തിരുവനന്തപുരം അസിസ്റ്റന്റ് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ഓഫീസർ എസ്. ഗൗതം യോഗീശ്വരിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തും എറണാകുളത്തും സംഘടിപ്പിച്ച പരിശീലന ക്ലാസ്സുകളും നിരവധി സംരംഭകർക്ക് ഏറെ പ്രയോജനകരമായി. ചെറുകിട മേഖലയിലേത് ഉൾപ്പെടെയുള്ള നിരവധി സംരംഭകരെ അണിനിരത്തി സംഘടിപ്പിക്കുന്ന മീറ്റ് ദ എൺട്രപ്രണുവർ എന്ന പ്രതിമാസ പരിപാടിയാണ് മീറ്റപ്പ് കേരളയുടെ പ്രധാന ആകർഷണം. വിവിധ മേഖലകളിലെ ചെറുതും വലുതുമായ സംരംഭകർക്ക് അവരുടെ ഉത്പന്നത്തെക്കുറിച്ചും സേവനത്തെക്കുറിച്ചും സദസ്സുമായി സംവദിക്കാൻ അവസരം ഒരുക്കുന്ന മീറ്റ് ദ എൻട്രപ്രണുവർ പ്രോഗ്രാമിൽ ബിസിനസിന്റെ വ്യാപ്തി വർധിപ്പിക്കാനും മാർക്കറ്റിങ് വിപുലീകരിക്കാനുമുള്ള അവസരവും ഒരുക്കുന്നുണ്ട്. ഇതോടൊപ്പം ഓരോ മേഖലയിലും മികവു തെളിയിച്ച സംരംഭകരെ വിശിഷ്ട വ്യക്തികളുടെ സാന്നിധ്യത്തിൽ ആദരിക്കാനും മീറ്റപ്പ് കേരള ശ്രമിക്കുന്നു.

മീറ്റപ്പ് കേരളയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഈ വർഷത്തെ ആദ്യത്തെ എൻട്രപ്രണുവേഴ്സ് മീറ്റ് ഫെബ്രുവരി ഏഴിന് തിരുവനന്തപുരത്ത് ഹോട്ടൽ ക്യാപിറ്റലിൽ നടന്നു. സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടർ കെ. എൻ. സതീഷ് ഐ. എ. എസ്. എൺട്രപ്രണുവേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു. ഇതോടൊപ്പം നടന്ന മീറ്റ് ദ എൻട്രപ്രണുവർ പ്രോഗ്രാമിന്റെ ഉദ്ഘാടനം കെ. ടി. ഡി. സി. ചെയർമാനും മുൻമന്ത്രിയുമായ എം. വിജയകുമാർ നിർവഹിച്ചു. മീറ്റപ്പ് കേരള ഡയറക്ടർ പ്രജോദ്. പി. രാജിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ വിവിധ സംരംഭക മേഖലകളിൽ മികവ് പുലർത്തിയവർക്കുള്ള മീറ്റപ്പ് കേരള എക്സലൻസ്

അവാർഡുകളും വിതരണം ചെയ്തു. മാപ്പിൾ ലീവ്സ് ഫുഡ്സ് മാനേജിങ് ഡയറക്ടർ ഹാരിസ് ടി റസാഖ്, അറ്റ്ലസ് കിച്ചൻ മാനേജിങ് ഡയറക്ടർ ഷാജഹാൻ കല്ലുവരമ്പിൽ, ഗ്രീൻലിവിങ് സോഷ്യൽ സ്കൂൾ ഫൗണ്ടർ സാജീവ് വിജയൻ, മൈൻഡ് പവർ പരിശീലകൻ ഡോ. അജയൻ ജെയിംസ്, ഡിജിറ്റൽ മാർക്കറ്റിങ് പരിശീലകൻ ജസ്‌ലി. എ. എൽ, ബിസിനസ് കോസ്റ്റ് റിഡക്ഷൻ കൺസൾട്ടന്റ് നൈനാൻ. പി. ചാണ്ടി, ഇന്റിമേറ്റ്സ് സ്റ്റേഷനറീസ് മാനേജിങ് ഡയറക്ടർ രാകേഷ്. ടി. എസ്, വിദ്യാഭ്യാസ സംരംഭകനായ സലിം മീരാസായു, ഷാജിതാസ് ബ്യൂട്ടി സ്റ്റുഡിയോ മാനേജിങ് ഡയറക്ടർ ഷാജിതാ ഷാജി എന്നിവർ അവാർഡ് സ്വീകരിച്ചു. റിലേഷൻസ് മീഡിയ അഡ്വർടൈസിംഗ് മാനേജിങ് ഡയറക്ടർ എൻ. നിഖിൽ മുഖ്യാതിഥി ആയിരുന്നു. ഇതോടൊപ്പം പുതിയ കാലത്തെ സംരംഭക സാധ്യതകൾ എന്ന വിഷയത്തിൽ നടന്ന പരിശീലന ക്ലാസ്സിന് തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ഉദ്യോഗസ്ഥനായ എസ്. ഗൗതം യോഗീശ്വർ നേതൃത്വം നൽകി. ഫെബ്രുവരി 17 ന് തിരുവനന്തപുരത്ത് മീറ്റപ്പ് കേരള സംഘടിപ്പിച്ച എൻട്രപ്രണുവേഴ്സ് അവയർനെസ്സ് പ്രോഗ്രാമിന്റെ ഉദ്ഘാടനം തിരുവനന്തപുരം ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ആർ. രമേഷ് ചന്ദ്രനും തുടർന്ന് നടന്ന സംരംഭക കൂട്ടായ്മയുടെ ഉദ്ഘാടനം വ്യവസായ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എ. എസ്. ഷിറാസും നിർവഹിച്ചു. പൊൻമുടി പാക്ക് ആർട്സ് ഡയറക്ടർ പീറ്റർ. ഐ. എ., വാസ്തു സ്റ്റുഡന്റ്സ് ചെയർ ഫൗണ്ടർ ശരവൺ. എസ്. നായർ, ലീലാ ബാക്ക്‌വാട്ടേഴ്സ് ഇൻ മാനേജിങ് ഡയറക്ടർ വിനിൽ രാജ്, അക്ഷയ പേപ്പർ ക്യാരി ബാഗ്സ് പ്രൊപ്രൈറ്റർ അജിൻ തിരുമല, സഹസ്ര സൊല്യൂഷൻസ് ഡയറക്ടർ രഞ്ജിനി നരേന്ദ്രനാഥ് എന്നിവർ അതിഥികളായിരുന്നു. ഇതിനു മുന്നോടിയായി നടന്ന ബിസിനസ്സ് കോസ്റ്റ് റിഡക്ഷൻ വർക്ക് ഷോപ്പിന് ഡെൽറ്റ ഇ കോസ്റ്റ് റിഡക്ഷൻ കൺസൾട്ടൻസ് മാനേജിങ് ഡയറക്ടർ നൈനാൻ. പി. ചാണ്ടി നേതൃത്വം നൽകി. എൻട്രപ്രണുവർ പ്രോഗ്രാമിൽ അതിഥികളായി പങ്കെടുക്കാനും ഉത്പന്നങ്ങൾ പരിചയപ്പെടുത്താനും ആഗ്രഹിക്കുന്നവർക്ക് 9072839003 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

*With Best Compliments*

# L.P. Pappadam

Venpakal, Neyyattinkara

Prop: Latha - 85476 55730

# വിദ്യാർത്ഥികൾക്ക് നവ്യാനുഭവമായി കൈത്തറി സെമിനാറും വസ്ത്ര പ്രദർശനവും



തറികളുടെയും തിറകളുടെയും നാടായ കണ്ണൂരിലെ യുവ തലമുറയ്ക്ക് കൈത്തറിയെക്കുറിച്ച് അവബോധം വളർത്തുക എന്ന ഉദ്ദേശത്തോടെ കൈത്തറി ബോധവത്കരണ സെമിനാറും കൈത്തറി എക്സിബിഷനും 2018 ജനുവരി 5-ാം തീയതി ശ്രീനാരായണ കോളേജ് കണ്ണൂരിൽ വെച്ച് സംഘടിപ്പിച്ചു.

കൈത്തറി സെമിനാർ/ എക്സിബിഷന്റെ ഔദ്യോഗിക ഉദ്ഘാടനം ശ്രീനാരായണ കോളേജ് പ്രിൻസിപ്പാൾ ഇൻചാർജ് കെ. സാജൻ അവർകളുടെ അദ്ധ്യക്ഷതയിൽ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അബ്ദുൾ മജീദ്. കെ. ടി നിർവഹിച്ചു. ചടങ്ങിൽ ബൂപേഷ്. ടി. കെ. (കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് തലവൻ), അക്ഷയ് കൃഷ്ണ കോളേജ് യൂണിയൻ ചെയർമാൻ എന്നിവർ ആശംസ അർപിച്ച് സംസാരിച്ചു. സുനിൽ. എം, ജൂനിയർ സഹകരണ ഇൻസ്പെക്ടർ സ്വാഗതവും ഷൈജു. എൻ.കെ ജൂനിയർ സഹകരണ ഇൻസ്പെക്ടർ നന്ദിയും രേഖപ്പെടുത്തി.

ലോകോത്തര ഗുണനിലവാരത്തിലുള്ള കൈത്തറി വസ്ത്രങ്ങളെക്കുറിച്ചും കൈത്തറി വസ്ത്രം ധരിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും ജനറൽ മാനേജർ ഉദ്ഘാടന പ്രസംഗത്തിൽ പരാമർശിച്ചു. ആഗോള മാർക്കറ്റിൽ സാന്നിദ്ധ്യമുറപ്പിച്ച കണ്ണൂർ കൈത്തറി ഇപ്പോൾ ഓൺലൈൻ മാർക്കറ്റിൽ കാൻലൂം എന്ന ബ്രാന്റിൽ ലഭ്യമാണ് എന്നും വിദ്യാർത്ഥികളെ അറിയിച്ചു.



വിദേശ വിപണിയിലേയ്ക്ക് കയറ്റുമതി ചെയ്യുന്ന വിവിധ കൈത്തറി ഉല്പന്നങ്ങൾ എക്സിബിഷനിൽ പ്രദർശിപ്പിക്കുകയും കൈത്തറി ഉല്പന്നങ്ങളുടെ വിദേശ വ്യാപാര സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നൽകുകയും ചെയ്തു.

കൈത്തറി വസ്ത്രവും യുവ തലമുറയും എന്ന വിഷയത്തെ ആസ്പദമാക്കി ജില്ലാ വ്യവസായകേന്ദ്രം ടെക്സ്റ്റയിൽസ് അസിസ്റ്റന്റ് കെ. വി. ജയരാജ് സെമിനാർ അവതരിപ്പിച്ചു. കൈത്തറിക്ക് നമ്മുടെ സമൂഹത്തിലുള്ള പ്രാധാന്യത്തെക്കുറിച്ചും അവ ധരിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും സെമിനാറിൽ പരാമർശിച്ചു. നെയ്ത്തു ജോലിയുമായി ബന്ധപ്പെട്ട വിവിധങ്ങളായ പ്രവർത്തനങ്ങൾ, സാങ്കേതികവിദ്യ എന്നിവയും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തി.



## ചിത്രരചന മത്സരം

കണ്ണൂർ കൈത്തറി, നാടിന്റെ തുടിപ്പും താളവുമാണ് അതിന്റെ വളർച്ച നാട്ടുചരിത്രത്തോടൊപ്പമാണ്. ഇന്ന് ലോകമാകെ തനത് ഉല്പന്നങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് അവ സ്നേഹത്തോടെ സ്വീകരിച്ചു വരുന്നു. ഈ സാഹചര്യം ചൂഷണം ചെയ്യാനായി കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ്, ജില്ലാ വ്യവസായകേന്ദ്രം, കണ്ണൂർ എന്നിവയുടെ ആഭിമുഖ്യത്തിൽ കൈത്തറി വസ്ത്രങ്ങളുടെ പ്രചരണാർത്ഥം കണ്ണൂർ ജില്ലയിലെ സ്കൂൾ കുട്ടികൾക്കായി ജില്ലാതല ചിത്രരചനാ മത്സരം കണ്ണൂർ ജവഹർ ലൈബ്രറി ഹാളിൽ വെച്ച് സംഘടിപ്പിച്ചു.

മേളയുടെ ഔദ്യോഗിക ഉദ്ഘാടനം 2017 നവംബർ 25 ന് ശനിയാഴ്ച കണ്ണൂർ കോർപറേഷൻ മേയർ കുമാരി. ഇ. പി. ലതയുടെ അദ്ധ്യക്ഷതയിൽ തുറമുഖ, പുരാവസ്തു മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അവർകൾ നിർവഹിച്ചു. കണ്ണൂർ കോർപറേഷൻ കൗൺസിലർ അഡ്വ ലീഷാ ദീപക്, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ യു. കരുണാകരൻ, സി. രമേശൻ, മാനേജർ (ഡി. പി.) എന്നിവർ ആശംസകൾ അർപിച്ച് സംസാരിച്ചു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ അബ്ദുൾ മജീദ് കെ. ടി സ്വാഗതവും, ഡെപ്യൂട്ടി രജിസ്ട്രാർ ഇൻ ചാർജ് കെ. പി. സന്തോഷ് നന്ദിയും രേഖപ്പെടുത്തി.

എൽ. പി., യു. പി., ഹൈസ്കൂൾ വിഭാഗങ്ങളിലായി 300-ഓളം വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു.

---

## ഗവൺമെന്റ് ഇ- മാർക്കറ്റ് പോർട്ടലിനെ സംബന്ധിച്ച പരിശീലന പരിപാടി സംഘടിപ്പിച്ചു



കേന്ദ്ര വാണിജ്യ മന്ത്രാലയം നടപ്പിലാക്കിയിട്ടുള്ള ചരക്കുകളും സേവനങ്ങളും വാങ്ങുന്നതിനുള്ള ഓൺലൈൻ പരിഹാരമായ ഗവൺമെന്റ് ഇ-മാർക്കറ്റ് പോർട്ടലിനെ സംബന്ധിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർക്കും വ്യവസായികൾക്കുമായുള്ള പ്രാഥമിക പരിശീലന പരിപാടി തിരുവനന്തപുരം പി. ഡബ്ലിയു. ഡി. റസ്റ്റ് ഹൗസിൽ സംഘടിപ്പിച്ചു. പ്രസ്തുത പരിപാടി തിരുവനന്തപുരം ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഉദ്ഘാടനം ചെയ്തു.

വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരും വ്യവസായികളുമുൾപെടെ നൂറോളം പേർ പങ്കെടുത്തു. തിരുവനന്തപുരം ജില്ലാ വ്യവസായകേന്ദ്രം ക്രെഡിറ്റ് മാനേജർ എസ്. വിനോദ് കുമാർ അദ്ധ്യക്ഷനായ ഉദ്ഘാടന പരിപാടിയിൽ ഉദ്ഘാടകനായ ജനറൽ മാനേജർ ആർ. രമേഷ് ചന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. നവീന കാലഘട്ടത്തിലെ ഈ നൂതനാശയം പരമാവധി വ്യവസായികൾ പ്രയോജനപ്പെടുത്തണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. തിരുവനന്തപുരം ജില്ലാ വ്യവസായകേന്ദ്രം മാനേജർ സി. ഒ. രഞ്ജിത് ക്ലാസുകൾ നയിച്ചു.



ഉയർന്ന പാലുൽപ്പാദനത്തിനും
പശുവിന്റെ സമ്പൂർണ്ണ ആരോഗ്യത്തിനും
സുനന്ദിനി
സമീകൃത കാലിത്തീറ്റ
ക്ഷീരോൽപ്പാദന
മേഖലയിൽ
35 വർഷത്തെ
വിശ്വാസ്യത
ഒരു കോയൻകോ ഉൽപ്പന്നം
KOYENCO
KOYENCO FEEDS PVT. LTD
KOYENCO HOUSE, WEST HILL, CALICUT-670005
Mob: 9526202087 Ph: 0495-2383811, 2383841, 2383861


TRENDS™
INNER WEARS
You know what looks great, what goes, what works. And Trends created for your fuller figure, might just be the extra touch you've been looking for.
Are you exploring unparalleled fit, effortless support and striking design – you've choose the right .Keeping every mood of women in mind, we create exactly what she seeks, a fitting compliment to femininity.
We know better than everyone
SINCE 1986
Mfd. By: Associated Clothings, Velloorkunnam, Muvattupuzha, Kerala 686 673, India.
For trade enquires: 0485 - 2811263 E-mail: associatedclothings@yahoo.co.in

# കോട്ടയത്ത് ജില്ലാതല നിക്ഷേപക സംഗമം



കോട്ടയം ജില്ലയിലെ സംരംഭകരെ സംഘടിപ്പിച്ചുകൊണ്ട് വ്യത്യസ്തമായ പരിശീലന പരിപാടികൾ ഉൾപ്പെടുത്തി ജില്ലാതല നിക്ഷേപക സംഗമം നടത്തി. കോട്ടയം മുനിസിപ്പാലിറ്റി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ. കെ. പ്രസാദ് സംഗമം ഉദ്ഘാടനം ചെയ്തു. ചെറുകിട വ്യവസായ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് തോമസ് ജോൺ കുളങ്ങര അദ്ധ്യക്ഷനായി. ജനറൽ മാനേജർ ജി. രാജീവ് മുഖ്യപ്രഭാഷണം നടത്തി. മാനേജർമാരായ വി. കെ. ജോസഫ്, വി. ആർ. രാകേഷ്, അസിസ്റ്റന്റ് ഡയറക്ടർ സാഹിൽ മുഹമ്മദ് എന്നിവർ സംസാരിച്ചു.

ടെക്നിക്കൽ സെക്ഷനിൽ ചെറുകിട സംരംഭകത്വത്തിൽ ഓൺലൈൻ മാർക്കറ്റിങ്ങിന്റെ പ്രസക്തിയെപ്പറ്റി കൊറോണ ഇൻസ്റ്റിറ്റ്യൂട്ട് സി. ഇ. ഒ ശ്യാം ലാൽ ടി. പുഷ്പനും എക്സ്പോർട്ട് ബിസിനസ്സും അതിന്റെ സാധ്യതകളെപ്പറ്റി എഫ്. ഐ. ഇ. ഒ മാനേജ്മെന്റ് എക്സിക്യൂട്ടീവ് എം. സി. രാജീവും, ജി. എസ്. റ്റി യുടെ പ്രായോഗികതയെപ്പറ്റി എസ്. ജി. എസ്. റ്റി ഡിപ്പാർട്ട്മെന്റിലെ ഒ. ആർ. പ്രദീപ് കുമാറും നയിച്ചു ക്ലാസുകൾ വിജ്ഞാനപ്രദമായിരുന്നു.



# ക്ലീൻ വേളി ഗ്രീൻ വേളി എന്ന ശുചിത്വ സംരംഭം ഡയറക്ടർ കെ. ബിജു ഐ. എ. എസ്. ഉദ്ഘാടനം ചെയ്തു




വ്യവസായ വകുപ്പിന്റെ പുതിയ ഡയറക്ടറായി ചാർജ് എടുത്ത കെ. ബിജു ഐ. എ. എസ്-ന് കൊച്ചുവേളി എം. എസ്. എം. ഇ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ, അസോസിയേഷൻ ഹാളിൽ വച്ച് മാർച്ച് 6-ാം തീയതി ഹൃദ്യമായ സ്വീകരണവും അനുമോദനവും സംഘടിപ്പിച്ചു. "ക്ലീൻ വേളി, ഗ്രീൻ വേളി" എന്ന ശുചിത്വ സംരംഭം അദ്ദേഹം ഉദ്ഘാടനം ചെയ്തു. കൊച്ചുവേളി എം. എസ്. എം. ഇ അസോസിയേഷൻ പ്രസിഡന്റ് പീറ്റർ. ഐ. എ. അദ്ധ്യക്ഷനായിരുന്ന ചടങ്ങിൽ സെക്രട്ടറി എസ്. മോഹൻദാസ് സ്വാഗതം ആശംസിച്ചു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ആർ. രമേഷ് ചന്ദ്രൻ, മാനേജർ വിനോദ്കുമാർ. എസ്, എസ്റ്റേറ്റ് ഓഫീസർ ഗൗതം യോഗീശ്വർ, വ്യവസായ വികസന ഓഫീസർ പ്രേംലാൽ എന്നിവരും ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.

ഡയറക്ടർ കെ. ബിജു ഐ. എ. എസ് സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ അനുഭാവപൂർവം ചോദിച്ചറിയുകയും അവയ്ക്ക് നിയമപരമായി എത്രയും വേഗം പരിഹാരമുണ്ടാക്കുന്ന നടപടിക്രമങ്ങൾ ഉണ്ടാകുമെന്ന് ഉറപ്പ് നൽകുകയും ചെയ്തു. യോഗത്തിന് എം. എസ്. എം. ഇ അസോസിയേഷൻ ട്രഷറർ മുരളീധരൻ നായർ കൃതജ്ഞത രേഖപ്പെടുത്തി.





Manufactures and Exporters of Traverse units , Traverse assembly, linear drives, Spooling Machines, Take Up Stand, Pay off Stand, Layer Winding Machines , Disc winding machines, H.V.Winding machines , Winder for FRP and Rewinder, Strap Winding machine etc

ROLLRING™ INDUSTRIES


14/409A, MADURA BAZAR ROAD, KOLATHARA (P.O.) CALICUT - 673 655
KERALA, INDIA
Ph: 0091 495 2481295, 2485334, 2483394
Email: rollringindustry@gmail.com, rollringindustries@gmail.com, sales@rollring.com

Web :www.rollring.com
Mobile :098460 90164, 090743 40488

Regn.No.KL/TV(N)/183/2016-2018
Volume 50 Issue 10
March 2018

**Vyavasaya Keralam**
MONTHLY

₹ 30
R.N.I 29441/77
Date of publication-2nd March 2018




Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Sterling Print House (P) Ltd., Door No.49/1849, Ponekkara- cheranelloor Road, AIMS Ponekkara (PO), Cochin-68204

Editor : Baiju R.S.